# തിരുഹൃദയ മാസിക
(The Sacred Heart Monthly)

**Vol. 78**
**2013 September**


**വിശ്വാസ വർഷം**

78 Years of Publication


*Patron*

✠ **Mar Mathew Moolakkatt**
Archbishop of Kottayam

*Co-Patron*

✠ **Mar Joseph Pandarasseril**
Auxiliary Bishop of Kottayam

*Editor*

**Fr. Saji Kochuparambil**
S.H.Monthly
Catholic Mission Press
Building, K.K. Road
Kottayam - 686 001


## ഈ ലക്കത്തിൽ


- സർക്കുലർ
- കൂരിയാ വാർത്തകൾ
- തൂവാനീസാ പ്രോഗ്രാം
- കരിസ്മാറ്റിക് കമ്മീഷൻ
- ബൈബിൾ കമ്മീഷൻ
- ചെറുപുഷ്പ മിഷൻലീഗ്
- വിൻസന്റ് ഡി പോൾ
- ലിജിയൺ ഓഫ് മേരി
- കെ. സി. എസ്. എൽ.
- കെ. സി. വൈ. എൽ.
- കെ. സി. ഡബ്ല്യു. എ.
- കെ. സി. സി.
- ചൈതന്യ പ്രോഗ്രാം
- ഗുഡ് സമരിറ്റൻ റിസോഴ്സ് സെന്റർ പ്രോഗ്രാം
- കോട്ടയം സോഷ്യൽ സർവ്വീസ് സൊസൈറ്റി
- മലബാർ വാർത്തകൾ
- പിതാക്കന്മാരുടെ ഡയറി

**Engagements**

Mar Mathew Moolakkatt

Mar Joseph Pandarasseril

- വചനദർശനം
- വാർത്തകൾ



## വാർഷിക വരിസംഖ്യ

75 രൂപ (ഇന്ത്യ)
500 രൂപ (വിദേശം)

**Circular No. 136**

**Annual Retreat of Priests-2013**

Catholic Metropolitan's House
P.B. No. 71, Kottayam -686 001
Kerala, India

Date: 16-08-2013

Dear Rev.Fathers,

I am happy to inform you that arrangements are made for the annual retreat of the priests of our Archeparchy in two batches at Thuvanisa Prayer House, Kothanalloor.

**First Batch**

From Monday September 9 to Friday September 13, 2013

Preacher : Very Rev. Fr. Mariyadas OIC

**Second Batch**

From Monday October 7 to Friday October 11, 2013

Preacher: Rev. Fr. James Kiliyanany

Retreats begin at 11 am on the first day and end with lunch on the final day.

For convenience sake priests are listed in two groups (the list enclosed). In urgent cases you can change to the other batch but should inform it to the Curia. All the priests in the Archeparchy are expected to attend the retreat.

1. Please bring along your faculty papers and mass accounts clearly showing the source of the mass intentions and to whom the excess masses are entrusted. Please fill the enclosed balance sheet of your mass accounts showing the number of the Bination masses said towards Medical Aid Fund. Kindly handover these papers and the mass account books on the first day of the retreat itself.
2. If your testament is made already, renew the same and if not yet made, please make it at least before the retreat.
3. Kindly say 5 masses *ad intentionem dantis* towards the expenses of the retreat and say *gratis* one mass for the deceased bishops and priests of the Archeparchy.

# 1st Batch

Achirathalackal Baiju
Adoppillil Thomas
Animoottil Philip
Animoottil Thomas
Avanikkunnel Jinu
Chackalakal Jose
Cheruvil James
Cheekkaparayil Stephen
Chethalil Bins
Chethalil John
Elappanickal Mathew
Ezharath Joseph
Kaitharam Thomas
Kandoth Bibin
Kalathara Philmon
Karithuruthel Sunny
Kanjirathumoottil Joseph
Kannampadam Abhilash
Karimpil Luke
Karimpumkalayil Thomas
Karukaparambil Jose
Kattiankel Baby
Kannuvettiyel Jose
Kavil Jinu
Kochuparambil Boby
Kochuparambil Lijo
Kochuparambil Luke
Kochuputhenpura Thomas
Kochuthazham Joseph
Kottoor Thomas
Kothakulam Cyriac
Kudamthayil George
Kummanikattu Dino
Kunnath Binu
Kuruppanthara Jose
Kurisummoottil Thomas
Kuruttuparambil Winson
Kuzhivelil Gibil
Maliekal Joseph
Mampuzhackal Jose
Mattathil Cyriac
Methanath Saji
Mudakkalil Philip
Mukalel Joseph (Rogi)
Mukalel Kuriakose
Mulakumattathil Prince
Mulavanal Joseph
Nedumthuruthil Michael
Neelanirappel John
Njanjilath Joseph
Padapurackal Cyriac
Parackal Sunil
Paranickal Alexander
Paradiyil Abraham
Pattakandam Jose
Pattathett James

Perumanoor George (Sunil)
Placheripurathu Luke
Plathottam James
Polackal Mathew
Poochakattil John
Puchookandathil Joby
Poothrukayil Luke
Pralel Thomas
Puthenparampil Luke
Puthukulathil Abraham
Puthupallimyalil Jins
Ramachanatt Luke

Thadathil Jacob
Tharathattel Abraham
Tharayil Abraham (Biju)
Thazhathuvettathu Thomas
Thodukayil Philip
Unnukallel George
Vadakkekara Alex
Vakkeparambil Roy
Valel Jacob
Vellarimattathil Sabu
Vengacheriyil Abraham
Vettuvelil Stephen

## 2nd Batch

Adoppillil Jose
Akkapparambil Alex
Anchempil Bibin
Chellakkandathil Mathew
Chennakuzhy John
Cherolickal Shaji
Cheruvil James
Cheriyil Boby
Chirappurath Jose
Edathiparambil Stany
Ettiepallil Mathew
Kalapurackal Anish
Kalarical Abraham
Kalavelil Joy
Kadavilchirayil Jose
Kannala Mathew

Kattiyankal Joy
Kappukalayil George
Karisserikkal Philip
Karukaparambil George
Kayyalakkakathu Saneesh
Keezhangattu Joseph
Kochuparambil Abraham
Kochuparambil Regi
Kochuparambil Saji
Kolakkattukudy Stephen
Koodathinal Lijo
Kuriathara Mathew
Kumbukal Shaiju
Kurisummoottil George
Kuttiyanickal Jacob
Kuruppinakath Jacob

Kuzhipallil Mathew
Malithuruthel Jacob
Manthuruthil Cyriac
Maveliputhenpurayil Thomas
Mekkara Shaji
Methanathu Thomas
Moolakkatt James
Mukalel Baiju
Mulavelippurathu Aneesh
Mulloor Jacob
Muriyamkottunirappel Stephen
Nandikunnel Joice
Nedungattu Jose
Olikara Alex
Padinjarekkara Stephen
Pannoorayil Boby
Parambett Abraham
Patheeparambil Jomy (George)
Pattiyal George
Pattumakil John
Plathottam Stephen OIC
Ponganayil James
Poothara Shaji
Poovathummoottil Abraham
Pulivelil Mathew
Pullattu Simon
Puthenparambil Mathew
Puthenpurackal Stephen
Puthiyakunnel Thomas
Puthuparambil George
Puthusseril Philip
Puzhakarottu Joseph
Tharapputhottiyil Jose
Thekkumkattil Mathew
Thekkunilkunnathil Jose
Thuruthiyil John
Thypurayidathil Prince
Vadakkekandamkary James
Vadakkethotty Thomas
Valiyaveettil Kurian
Valiyaputhenpurayil Mathew
Vallarkattil Joshy
Valavunkal Cherian
Vattampurath Simon (Boban)
Vellayickal Shinoj
Velliyeppallil Bibin
Vettikcatt Michael

# കൂരിയാ വാർത്തകൾ

## NEW APPOINTMENTS

1. Fr. Mathew Thaipurayidathil - Bursar, St. Stephen's College, Uzhavoor
2. Fr. Thomas Kumbukal - Asst. Vicar, Piravom
3. Fr. Mathew Kochadampallil - Study, Rome
4. Fr. Alex Olikkara - Secretary to the Archbishop

# തൂവാനീസ പ്രോഗ്രാം

| | |
|---|---|
| സെപ്റ്റംബർ 7 – 8 | പഠനാനുഭവ ധ്യാനം |
| 9 – 13 | അതിരൂപതാ വൈദികർക്ക് ധ്യാനം |
| 11 | മദ്ധ്യസ്ഥ പ്രാർത്ഥന |
| 13 | ജാഗരണ പ്രാർത്ഥന |
| 14 – 15 | പഠനാനുഭവ ധ്യാനം |
| 18 | മദ്ധ്യസ്ഥ പ്രാർത്ഥന |
| 19, 20, 21, 22 | അതിരൂപതാ വിശ്വാസവർഷ ബൈബിൾ കൺവൻഷൻ |
| 25 | മദ്ധ്യസ്ഥ പ്രാർത്ഥന |
| 27 | ജാഗരണ പ്രാർത്ഥന |
| 28 – 29 | പഠനാനുഭവ ധ്യാനം |
| 29 – ഒക്ടോബർ 3 | ആന്തരിക വിശുദ്ധീകരണ ധ്യാനം ഫാ. അബ്രഹാം കൊച്ചുപറമ്പിൽ & ടീം |
| 2 | മദ്ധ്യസ്ഥ പ്രാർത്ഥന |
| 4 | ജാഗരണ പ്രാർത്ഥന |
| 4 – 6 | തപസ്സ് ധ്യാനം |
| 5 – 6 | പഠനാനുഭവ ധ്യാനം |
| 9 | മദ്ധ്യസ്ഥ പ്രാർത്ഥന |

# കരിസ്മാറ്റിക് കമ്മീഷൻ

## മദ്ധ്യസ്ഥ പ്രാർത്ഥന

എല്ലാ ദിവസവും രാവിലെ 10 മുതൽ ഉച്ചയ്ക്ക് 1 വരെയും വെള്ളിയാഴ്ചകളിൽ 2 pm മുതൽ 4 pm വരെയും മാസത്തിൽ 2 ഞായറാഴ്ചകളിൽ സായാഹ്നങ്ങളിലും തൂവാനീസായിൽ മദ്ധ്യസ്ഥ പ്രാർത്ഥന നടത്തപ്പെട്ടു.

## ജീസസ് യൂത്ത് പ്രവർത്തനങ്ങൾ

എല്ലാ രണ്ടാം ശനിയാഴ്ചകളിലും നടക്കാറുള്ള യുവജനകൂട്ടായ്മ തൂവാനീസായിൽ ഓഗസ്റ്റ് 10ന് നടത്തപ്പെട്ടു. അൻപതോളം യുവജനങ്ങൾ പങ്കെടുത്തു. അന്നേദിവസം രാത്രി ആരാധനയിലും ധാരാളം യുവജനങ്ങൾ പങ്കുചേർന്നു.

ആഗസ്റ്റ് 6ന് ചൊവ്വാഴ്ച കട്ടച്ചിറ ഇടവകയിലും 25ന് ശനിയാഴ്ച സെന്റ് ആൻസ് ഹയർസെക്കൻഡറി സ്കൂളിലും ഏകദിന ധ്യാനം നടത്തപ്പെട്ടു. നൂറുകണക്കിന് യുവജനങ്ങൾ ധ്യാനത്തിൽ പങ്കെടുത്തു.

ചാമക്കാല ഇടവകയിൽ അവസാന ഞായറാഴ്ചയും അറുനൂറ്റിമംഗലത്ത് ഒന്നും, മൂന്നും ഞായറാഴ്ചകളിലും, ഉഴവൂർ പള്ളിയിൽ എല്ലാ ഞായറാഴ്ചയും ഉഴവൂർ എച്ച്.എസ്.എസിലും, സെന്റ് ആൻസ് എച്ച്.എസ്.എസിലും എല്ലാ ശനിയാഴ്ചകളിലും, കൂടല്ലൂർ ഇടവകയിൽ രണ്ടാം ശനിയാഴ്ചകളിലും കുറുപ്പന്തറയിൽ എല്ലാ ഞായറാഴ്ചകളിലും കട്ടച്ചിറ ഇടവകയിൽ 4-ാം ഞായറാഴ്ചകളിലും ജീസസ് യൂത്ത് പ്രാർത്ഥനാ കൂട്ടായ്മകൾ നടത്തപ്പെട്ടു.

എല്ലാ ശനി, ഞായർ ദിവസങ്ങളിലും തൂവാനീസായിൽ 10-ാം ക്ലാസ് വിദ്യാർത്ഥികൾക്കായി ജീസസ് യൂത്ത് ടീമിന്റെ നേതൃത്വത്തിൽ പഠനാനുഭവധ്യാനം നടത്തപ്പെടുന്നു.

ആഗസ്റ്റ് 14, 15, 16, 17 തീയതികളിൽ ചിങ്ങവനം സെന്റ് തോമസ് ഹൈസ്കൂൾ ആൺകുട്ടികൾക്കായി ജീസസ് യൂത്ത് ധ്യാനം നടത്തി. എല്ലാ വെള്ളിയാഴ്ചകളിലും അക്രൈസ്തവ - ക്രൈസ്തവ കുട്ടികൾ സംയുക്തമായി പ്രാർത്ഥനാഗ്രൂപ്പ് യോഗം ജീസസ് യൂത്തിന്റെ നേതൃത്വത്തിൽ നടത്തിവരുന്നു.

## ജാഗരണ പ്രാർത്ഥന

എല്ലാ വെള്ളിയാഴ്ചകളിലും 6.30 pm മുതൽ 1 am വരെയും ചൊവ്വാ

ഴ്ചകളിൽ 7.30 pm മുതൽ 10.30 pm വരെയും തൂവാനീസാ പ്രാർത്ഥനാലയത്തിൽ ജാഗരണപ്രാർത്ഥന നടത്തപ്പെടുന്നു.

### 102 മണിക്കൂർ അഖണ്ഡ ജപമാലയും ആരാധനയും

കോട്ടയം അതിരൂപതയ്ക്ക് 103-ാം പിറന്നാൾ സമ്മാനമായി 102 മണിക്കൂർ അഖണ്ഡജപമാലയും ആരാധനയും ആഗസ്റ്റ് 7 മുതൽ 11 വരെ തൂവാനീസായിൽ നടത്തപ്പെട്ടു. തൂവാനീസാ ടീം നേതൃത്വം നൽകിയ ശുശ്രൂഷയിൽ വിവിധ ഇടവകകളിൽ നിന്ന് ആയിരക്കണക്കിനാളുകൾ പങ്കുചേർന്നു. കോട്ടയം അതിരൂപതാധ്യക്ഷൻ മാർ മാത്യു മൂലക്കാട്ട്, മാർ ജോസഫ് പണ്ടാരശ്ശേരിൽ, മോൺ. മാത്യു ഇളപ്പാനിക്കൽ, ഫാ. അലക്സ് ആക്കപ്പറമ്പിൽ, ഫാ. ഷാജി പടിഞ്ഞാറേക്കുന്നേൽ, ഫാ. ബിജു തറയിൽ, ഫാ. സാജു മൂലക്കാട്ട്, ഫാ. ബിജു കൊച്ചുപറമ്പിൽ, ഫാ. മാത്യു മാവേലിൽ, ഫാ. ജിബിൽ കുഴിവേലിൽ, ബ്ര. ബെന്നി, ബ്ര. ടോമി, ബ്ര. അബ്രഹാം, ബ്ര. ഫിലിപ്പ്, ബ്ര. തോമസ്, ബ്ര. ജേക്കബ് തുടങ്ങിയവർ ശുശ്രൂഷകൾക്ക് നേതൃത്വം നൽകി.

### ക്രിസ്റ്റീൻ ധ്യാനം

കുറുപ്പന്തറ, നീറിക്കാട്, ചേർപ്പുങ്കൽ ഇടവകകളിലും, കൈപ്പുഴ മാർ മാക്കീൽ സ്കൂളിലും ക്രിസ്റ്റീൻ ധ്യാനം നടത്തപ്പെട്ടു.

## ബൈബിൾ കമ്മീഷൻ

### ലോഗോസ് ക്വിസ്

ഈ വർഷത്തെ ലോഗോസ് ക്വിസ് പരീക്ഷ സെപ്റ്റംബർ 29-ാം തീയതി ഉച്ചകഴിഞ്ഞ് 2 മണി മുതൽ നടത്തപ്പെടും. ചോദ്യക്കടലാസ് 2-ാം തീയതി മുതൽ ഫൊറോനാ കേന്ദ്രങ്ങളിൽ ലഭ്യമാണ്.

ഫാ. ജോർജ് പുതുപ്പറമ്പിൽ (ചെയർമാൻ)

## ചെറുപുഷ്പ മിഷൻലീഗ്

ഓഗസ്റ്റ് 9, 10, 11 തീയതികളിൽ മിഷൻ വോളന്റിയേഴ്സ് കുട്ടികൾക്കുള്ള ട്രെയിനിംഗ് പ്രോഗ്രാം ചേർപ്പുങ്കൽ ഗുഡ് സമരിറ്റൻ സെന്ററിൽ നടത്തി. കൈപ്പുഴ മേഖലയിലെ കുട്ടികൾക്കു വേണ്ടിയുള്ള ടെലി ബൈബിൾ ക്വിസ്സ് ഓഗസ്റ്റ് 10ന് നടത്തി. ഇടയ്ക്കാട്ട് ഫൊറോനായിലെ

കുട്ടികൾക്കു വേണ്ടിയുള്ള ടെലി ബൈബിൾ ക്വിസ് സെപ്റ്റംബർ 14ന് നടത്തുന്നതാണ്.

അച്ഛന്റെയും രണ്ടാനമ്മയുടെയും ക്രൂരപീഢനങ്ങൾക്കിരയായ ഷെഫീക്കിനുവേണ്ടി ഓഗസ്റ്റ് 10ന് മൗനപ്രാർത്ഥനാറാലി നടത്തി. ചോർപ്പുങ്കൽ ഗുഡ് സമരിറ്റൻ സെൻററിൽ നിന്നും പാലാ ഹൈവേയിലൂടെയാണ് റാലി നടത്തിയത്.

ഈ വർഷത്തെ അതിരൂപത സാഹിത്യമത്സരങ്ങൾ 2013 ഓഗസ്റ്റ് 28-ാം തീയതി കിടങ്ങൂർ സെന്റ് മേരീസ് എച്ച്. എസ്. എസ്. ൽ വച്ച് നടത്തപ്പെട്ടു.

## സി. എം. എൽ. വരുംനാളുകളിൽ

8, 9, 10 ക്ലാസുകളിൽ പഠിക്കുന്ന കുട്ടികൾക്കായുള്ള നേതൃത്വപരിശീലന ക്യാമ്പ് സെപ്റ്റംബർ 17, 18, 19 തീയതികളിൽ ചൈതന്യ പാസ്റ്ററൽ സെന്ററിൽവച്ച് നടത്തപ്പെടുന്നു. 11ന് രാവിലെ 10 മണിക്ക് ആരംഭിച്ച് 19ന് ഉച്ചയ്ക്ക് 2 മണിയോടെ ക്യാമ്പ് അവസാനിക്കുന്നതാണ്. രജിസ്ട്രേഷൻ ഫീസ് 300 രൂപ ആയിരിക്കും. ഓരോ ഇടവകയിൽ നിന്നും സി. എം. എൽ. അതിരൂപത ക്യാമ്പുകളിൽ ഒന്നിലും പങ്കെടുക്കാൻ സാധിക്കാത്ത ഒരു ആൺകുട്ടിക്കും ഒരു പെൺകുട്ടിക്കും ആയിരിക്കും അവസരമുണ്ടാകുക.

# വിൻസന്റ് ഡി പോൾ സൊസൈറ്റി

## കുറ്റൂർ എ. സി. വാർഷികം

കുറ്റൂർ എ.സി.യുടെ വാർഷികവും സെമിനാറും 04-8-2013 ന് കല്ലിശ്ശേരി സെന്റ് മേരീസ് മലങ്കര ക്നാനായ കത്തോലിക്കാ പള്ളിയിൽ വച്ച് ആഘോഷിച്ചു. രാവിലെ 9.30 ന് ദിവ്യബലിയും തുടർന്ന് ഒസ്സാനാം ബുള്ളറ്റിൻ ചീഫ് എഡിറ്റർ ബ്ര. ബിനു കുര്യാക്കോസ് നയിച്ച സെമിനാറും നടന്നു. ഉച്ചയ്ക്കു ശേഷം എ.സി. പ്രസിഡന്റ് ബ്ര. പി.കെ. കുഞ്ഞുകുഞ്ഞു കുട്ടിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന വാർഷിക സമ്മേളനം ആദ്ധ്യാത്മിക ഉപദേഷ്ടാവ്. റവ. ഫാ. അലക്സാണ്ടർ പാറാനിയ്ക്കൽ ഉദ്ഘാടനം ചെയ്തു. എ.സി. സെക്രട്ടറി ബ്ര. എബി പീറ്റർ വാർഷിക റിപ്പോർട്ടും കണക്കും അവതരിപ്പിച്ചു. സി.സി. ട്രഷറർ ബ്ര. എൻ.സി.

തോമസ് സമ്മേളനത്തിൽ പങ്കെടുത്തു. ബ്ര. പി. സി. അലക്സാണ്ടർ, ബ്ര. എം.എ. എബ്രഹാം എന്നിവരും സംസാരിച്ചു.

## മോനിപ്പള്ളി, ചുങ്കം ഏരിയാ കൗൺസിലുകളുടെ സംയുക്ത വാർഷികം

മോനിപ്പള്ളി, ചുങ്കം എ.സി. കളുടെ സംയുക്ത വാർഷിക സമ്മേളനം 2013 ഓഗസ്റ്റ് 18 ന് ചുങ്കം ഫൊറോന പള്ളി ഹാളിൽ വച്ച് ആഘോഷിച്ചു. രാവിലെ 10 മണിക്ക് ദിവ്യബലിയെ തുടർന്ന് ചുങ്കം എ.സി. പ്രസിഡന്റ് ബ്ര. എം.സി. ജയിംസിന്റെ അദ്ധ്യക്ഷതയിൽ ആദ്ധ്യാത്മിക ഉപദേഷ്ടാവ് റവ. ഫാ. ജോസഫ് ഈഴാറാത്ത് സമ്മേളനം ഉദ്ഘാടനം ചെയ്തു. തുടർന്ന് "ചൈതന്യത്തോടെയുള്ള വിൻസെൻഷ്യൻ സേവനം" എന്ന വിഷയത്തെ ആസ്പദമാക്കിയുള്ള സെമിനാറിന് കോതമംഗലം സി.സി. സെക്രട്ടറി ബ്ര. ഫ്രാൻസിസ് കരിപ്പാടംകുഴി നേതൃത്വം നൽകി. സമ്മേളനത്തോടനുബന്ധിച്ചു നടത്തിയ വിജ്ഞാനം വിനോദം പരിപാടിക്ക് ബ്ര. എ.ജെ. ഫിലിപ്പ്, ബ്ര. സി.റ്റി. ഇമ്മാനുവൽ എന്നിവർ നേതൃത്വം നൽകി. ഉച്ചയ്ക്കു ശേഷം മോനിപ്പള്ളി എ.സി. പ്രസിഡന്റ് ബ്ര. വി.കെ. സ്റ്റീഫന്റെ അദ്ധ്യക്ഷതയിൽ വാർഷിക പൊതുയോഗം നടന്നു. എ.സി. ആദ്ധ്യാത്മിക ഉപദേഷ്ടാവ് റവ. ഫാ. സിറിയക് കോതാകുളം ഉദ്ഘാടനം ചെയ്തു. സി.സി. പ്രസിഡന്റ് ബ്ര. കെ.ജെ. ജോസ്, സി.സി. പ്രൊജക്ട് ഓഫീസർ ബ്ര. പി.റ്റി. ഡോൺ ബോസ്കോ എന്നിവർ ആശംസകളർപ്പിച്ചു. എ.സി. സെക്രട്ടറിമാരായ ബ്ര. എ.ജെ. ഫിലിപ്പ്, ബ്ര. ജോസ് വട്ടപ്പറമ്പിൽ എന്നിവർ വാർഷിക റിപ്പോർട്ടുകളും വാർഷിക കണക്കുകൾ ബ്ര. വി.കെ. സ്റ്റീഫൻ, ബ്ര. ഫിലിപ്പ് മാത്യു എന്നിവരും അവതരിപ്പിച്ചു. ബ്ര. എം.സി. ജയിംസ് സ്വാഗതവും ബ്ര. കുരുവിള ഇല്ലിയ്ക്കൽ കൃതജ്ഞതയും രേഖപ്പെടുത്തി.

## യൂത്ത് കോൺഫ്രൻസ് ആരംഭിച്ചു

കോട്ടയം സി.സി. യിൽ ആദ്യ യൂത്ത് കോൺഫ്രൻസ് രാജപുരം പയസ് ടെൻത് കോളേജിൽ ആരംഭിച്ചു. രാജപുരം ഹോളിഫാമിലി കോൺഫ്രൻസിന്റെയും രാജപുരം എ.സി.യുടെയും ഭാരവാഹികളുടെ ശ്രമഫലമായാണ് 02.08.2013 ന് യൂത്ത് കോൺഫ്രൻസ് ആരംഭിയ്ക്കാനായത്. ഭാരവാഹികളായി സിജോ ജേക്കബ് ചക്കാംകുന്നേൽ, മൃദുൾ

മാത്യു മുളവനാൽ, ആൽബിൻ മാത്യു ഉറുകുഴിയിൽ എന്നിവർ യഥാക്രമം പ്രസിഡന്റ്, സെക്രട്ടറി, ട്രഷറർമാരായി തെരഞ്ഞെടുക്കപ്പെട്ടു. കോൺഫ്രൻസ് രൂപീകരണ യോഗത്തിൽ റാണിപുരം സെന്റ് മേരീസ് പള്ളി വികാരിയും യൂത്ത് കോൺഫ്രൻസ് ആദ്ധ്യാത്മിക ഉപദേഷ്ടാവുമായ ഫാ. ഷഞ്ചു കൊച്ചുപറമ്പിൽ, സി.സി. ജോയിന്റ് സെക്രട്ടറി എം. കെ. ജോസ് മരോട്ടിക്കുഴിയിൽ, എ.സി. പ്രസിഡന്റ് തോമസ് ഓരത്ത്, ട്രഷറർ ജേക്കബ് പറമ്പടത്തുമലയിൽ എന്നിവർ പങ്കെടുത്തു.

## പുതിയ കോൺഫ്രൻസ്

മോനിപ്പള്ളി എ.സി.യിൽപ്പെട്ട ഉഴവൂർ സെന്റ് സ്റ്റീഫൻസ് ഫൊറോന പള്ളി ഇടവകയിൽ ലൂർദ് മാതാ കോൺഫ്രൻസ് എന്നപേരിൽ രണ്ടാമത്തെ കോൺഫ്രൻസ് രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചു. പുതിയ കോൺഫ്രൻസിന്റെ ഭാരവാഹികൾ

| | | |
|---|---|---|
| പ്രസിഡന്റ് | : | ബ്ര. റ്റി.ജെ. സണ്ണി, തൊട്ടിയിൽ |
| വൈ. പ്രസിഡന്റ് | : | ബ്ര. വി.കെ. സ്റ്റീഫൻ, വല്യവീട്ടിൽ |
| സെക്രട്ടറി | : | ബ്ര. ഷെല്ലിമോൻ തോമസ് താഴത്തു കണ്ടത്തിൽ |
| ട്രഷറർ | : | ബ്ര. ബേബി പീറ്റർ, നീലാനിരപ്പേൽ |

## പുതിയ പ്രസിഡന്റ്

ചുങ്കം എ.സി.യിലെ വടക്കുമുറി സെന്റ് ജോസഫ്സ് കോൺഫ്രൻസ് പ്രസിഡന്റായി ബ്ര. എം.എം. മാത്യു, മറ്റപ്പള്ളിൽ തെരഞ്ഞെടുക്കപ്പെട്ടു. അദ്ദേഹത്തോടൊപ്പം സി. മേരി സ്റ്റീഫൻ (വൈസ് പ്രസി.) ബ്ര. പി.ജെ. എബ്രഹാം (സെക്രട്ടറി) ബ്ര. ജോസഫ് ചാക്കോ (ട്രഷറർ) എന്നിവരും ചുമതലയേറ്റു.

# ലീജിയൻ ഓഫ് മേരി

## സമ്മേളനം

കോട്ടയം : കോട്ടയം അതിരൂപതയുടെ ലീജിയൻ ഓഫ് മേരിയുടെ സെപ്റ്റംബർ സമ്മേളനം 26-ാം തീയതി രാവിലെ 9.30 മുതൽ വൈകിട്ട് 4 മണിവരെ ചൈതന്യ പാസ്റ്ററൽ സെന്ററിൽവച്ച് നടത്തുന്നു. അന്നേദി

വസം പുതിയ പ്രസിഡന്റിനെയും തെരഞ്ഞെടുക്കുന്നതാണ്.

മിനി ജോസ് (സെക്രട്ടറി)

# കെ.സി.എസ്.എൽ.

## സാഹിത്യ മത്സരങ്ങൾ

കെ.സി.എസ്.എൽ. സംഘടനയുടെ സാഹിത്യമത്സരങ്ങൾ ഏറ്റുമാനൂർ ടൗൺ യു.പി. സ്കൂളിലും കിടങ്ങൂർ സെന്റ് മേരീസ് ഹയർ സെക്കൻഡറി സ്കൂളിലും വച്ച് 28-8-2013 ൽ നടത്തപ്പെട്ടു. കോട്ടയം അതിരൂപതയുടെ 24 സ്കൂളുകളിൽ നിന്നായി ഏകദേശം 300ഓളം കുട്ടികൾ പങ്കെടുത്തു.

# കെ.സി.വൈ.എൽ.

## മാക്കീൽ പിതാവിന്റെ കബറിടത്തിങ്കലേയ്ക്ക് പദയാത്ര നടത്തി

അതിരൂപതാസമിതിയുടെ നേതൃത്വത്തിൽ ദൈവദാസൻ മാക്കീൽ പിതാവിന്റെ ചരമശതാബ്ദി അനുസ്മരണവും പദയാത്രയും നടത്തി. ഓഗസ്റ്റ് 10-ാം തീയതി ഉച്ചകഴിഞ്ഞ് 2.30ന് മള്ളൂശ്ശേരി ദേവാലയാങ്കണത്തിൽ നിന്ന് ആരംഭിച്ച പദയാത്ര ഇടയ്ക്കാട്ട് ഫൊറോനാ പള്ളിയിൽ അഭി. മാക്കീൽ പിതാവിന്റെ കബറിടത്തിൽ അവസാനിച്ചു. മള്ളൂശ്ശേരി ഇടവക വികാരി ഫാ. ജോൺ ചേത്തലിൽ ഫ്ളാഗ് ഓഫ് ചെയ്ത പദയാത്ര ഇടയ്ക്കാട്ടെത്തിയപ്പോൾ ഫൊറോന വികാരി റവ. ഫാ. തോമസ് ആദോപ്പിള്ളിൽ സ്വീകരിച്ചു. തുടർന്ന് കെ.സി.വൈ.എൽ. അതിരൂപതാ ചാപ്ലയിൻ റവ. ഫാ. എബ്രഹാം പറമ്പേട്ടിന്റെ മുഖ്യകാർമ്മികത്വത്തിൽ ദിവ്യബലി നടന്നു. കെ. സി. വൈ. എൽ. അതിരൂപതാ ഭാരവാഹികൾ, ഇടയ്ക്കാട്ട് ഫൊറോനാ എക്സിക്യൂട്ടീവ് അംഗങ്ങൾ, മള്ളൂശ്ശേരി - ഇടയ്ക്കാട്ട് യൂണിറ്റംഗങ്ങൾ എന്നിവർ നേതൃത്വം നൽകി.

## അതിരൂപതാ ലീഡർഷിപ്പ് ക്യാമ്പ് സെപ്റ്റംബർ 20, 21, 22 ന് ചൈതന്യയിൽ

കെ. സി. വൈ. എൽ. സംഘടന എല്ലാ വർഷവും സംഘടിപ്പിക്കുന്ന അതിരൂപതാ ലീഡർഷിപ്പ് ക്യാമ്പ് സെപ്റ്റംബർ 20,21,22 തീയതികളിൽ ചൈതന്യയിൽ നടക്കുന്നതാണ്. സെപ്റ്റംബർ 20-ാം തീയതി വെള്ളിയാഴ്ച രാവിലെ 9.00 ന് രജിസ്ട്രേഷനോടെ ആരംഭിക്കുന്ന ക്യാമ്പ് 22-ാം തീയതി ഞായറാഴ്ച ഉച്ചകഴിഞ്ഞ് 2.30ന് അവസാനിക്കുന്ന വിധത്തിലാണ് ക്രമീകരിച്ചിരിക്കുന്നത്.

ഒരു യൂണിറ്റിൽ നിന്നും പരമാവധി രണ്ട് ആൺകുട്ടികൾക്കും രണ്ട് പെൺകുട്ടികൾക്കുമാണ് ക്യാമ്പിൽ പങ്കെടുക്കാവുന്നത്. ക്യാമ്പിന് രജിസ്ട്രേഷൻ ഫീസ് 300 രൂപ ആയിരിക്കും. മലബാർ റീജിയണിൽ നിന്നുമുള്ള അംഗങ്ങൾക്കും ക്യാമ്പിൽ സംബന്ധിക്കാവുന്നതാണ്.

ഒരു കെ. സി. വൈ.എൽ. അംഗത്തിന് ഒരിക്കൽ മാത്രം പങ്കെടുക്കുവാൻ അനുവാദമുള്ളതും അതിരൂപതാ ഭാരവാഹിത്വത്തിലേയ്ക്ക് കടന്നുവരാൻ താൽപര്യമുള്ളവർ നിർബന്ധമായും പങ്കെടുക്കേണ്ടതുമാണ്. ഓരോ യൂണിറ്റിൽ നിന്നും പങ്കെടുക്കുന്ന അംഗങ്ങളുടെ വിവരം സെപ്റ്റംബർ 15-ാം തീയതി ഞായറാഴ്ചക്കുള്ളിൽ അതിരൂപതാ ഭാരവാഹികളെ അറിയിക്കേണ്ടതാണ്.

ക്യാമ്പിൽ മികച്ച പ്രകടനം കാഴ്ചവയ്ക്കുന്ന 10 പേരെ പ്രത്യേകമായി തെരഞ്ഞെടുത്ത് Future Leaders Programme എന്ന പദ്ധതിയിൽ ഉൾപ്പെടുത്തി തുടർപരിശീലന പരിപാടികൾ നടത്തുന്നതാണ്.

# കെ. സി. ഡബ്ല്യു. എ.

## സീറോ മലബാർ ദേശീയ വനിതാ കൺവെൻഷൻ

ഓഗസ്റ്റ് 24-ാം തീയതി കാക്കനാട് സെന്റ് തോമസ് മൗണ്ടിൽവച്ച് നടത്തപ്പെട്ട സീറോ മലബാർ കൺവൻഷനിൽ കോട്ടയം അതിരൂപതാ കെ. സി. ഡബ്ല്യു. എ. യിലെ 57 അംഗങ്ങൾ സംബന്ധിച്ചു. കൺവെൻഷനോടനുബന്ധിച്ച് നടത്തിയ പ്രബന്ധാവതരണത്തിൽ കെ. സി. ഡബ്ല്യു. എ. അതിരൂപതാ പ്രസിഡന്റ് ഡോ. ഷൈനി സ്റ്റീഫൻ "യുവജനങ്ങളും വിശ്വാസപ്രതിസന്ധിയും" എന്ന വിഷയത്തിൽ പ്രബന്ധം അവതരിപ്പിച്ചു.

# കെ. സി. സി.

## കെ.സി.സി. വർക്കിംഗ് കമ്മിറ്റി മീറ്റിംഗ്

കെ.സി.സി. വർക്കിംഗ് കമ്മിറ്റി മീറ്റിംഗ് പ്രസിഡന്റ് പ്രൊഫ. ജോയി മുപ്രാപ്പള്ളിയുടെ അദ്ധ്യക്ഷതയിൽ 17-8-2013ൽ കത്തീഡ്രൽ പാരിഷ്ഹാളിൽ നടന്നു. എല്ലാ വർക്കിംഗ് കമ്മറ്റി അംഗങ്ങളും പങ്കെടുത്ത പ്രസ്തുത മീറ്റിംഗിൽ ഡി.കെ.സി.സി.യെ പ്രതിനിധീകരിച്ച് സെക്രട്ടറി ശ്രീ. ജോസ് കുര്യൻ ഇഞ്ചേനാട്ടിൽ പങ്കെടുത്തു. കേരളത്തിനു വെളിയിൽ ഇന്ത്യക്കകത്തുള്ള കെ.സി.സി. സംഘടനകളെ കോ-ഓർഡിനേറ്റ് ചെയ്യുന്നതിന് ഡോ. ലൂക്കോസ് പുത്തൻപുരയെ ചുമതലപ്പെടുത്തി.

## ഫൊറോനാ ഭാരവാഹികളുടെ തെരഞ്ഞെടുപ്പ്

ആഗസ്റ്റ് 25-ാം തീയതി അതിരൂപതയിലെ ആകെയുള്ള 12ൽ 11 ഫൊറോനകളിലെയും ഫൊറോനാ ഭാരവാഹികളുടെ തെരഞ്ഞെടുപ്പ് നടന്നു. 8 ഫൊറോനാകളിൽ നിലവിലുള്ള ഭാരവാഹികൾ തന്നെ തെരഞ്ഞെടുക്കപ്പെട്ടു.

## ഫൊറോനാ ഭാരവാഹികൾക്ക് സ്വീകരണം

പുതുതായി തെരഞ്ഞെടുക്കപ്പെട്ട തിരുവിതാംകൂർ ഭാഗത്തുള്ള മുഴുവൻ ഫൊറോനാ ഭാരവാഹികൾക്കും ഓഗസ്റ്റ് 28-ാം തീയതി കിടങ്ങൂർ പാരിഷ് ഹാളിൽ സ്വീകരണം നൽകി. കിടങ്ങൂർ ഫൊറോനാ വികാരി റവ. ഫാ. ജേക്കബ് വാലേൽ അനുമോദനങ്ങൾ നേർന്ന് സംസാരിച്ചു. 31-ാം തീയതി ചൈതന്യയിൽ നടന്ന അതിരൂപതാ ജന്മദിനാഘോഷത്തിന്റെയും കെ.സി.സി. പ്രവർത്തനവർഷ ഉദ്ഘാടനത്തിന്റെയും നടത്തിപ്പിനായി ഫൊറോനാ ഭാരവാഹികളെ ഉൾപ്പെടുത്തി വിവിധ കമ്മറ്റികൾ രൂപീകരിച്ചു. കെ.സി.സി. അതിരൂപതാ ഭാരവാഹികൾ പരിപാടികൾക്ക് നേതൃത്വം നൽകി.

## കോട്ടയം അതിരൂപതാ ജന്മദിനാഘോഷവും കെ.സി.സി. പ്രവർത്തന ഉദ്ഘാടനവും

കോട്ടയം അതിരൂപതാ ജന്മദിനാഘോഷവും കെ.സി.സി 2013-16 വർഷങ്ങളിലേക്കുള്ള പ്രവർത്തന ഉദ്ഘാടനവും ചൈതന്യ പാസ്റ്ററൽ സെന്ററിൽ 2013 ആഗസ്റ്റ് 31-ാം തീയതി നടന്നു. കെ.സി.സി. അതിരൂപതാ പ്രസിഡന്റ് പ്രൊഫ. ജോയി മുപ്രാപ്പള്ളിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന സമ്മേളനം ബഹു. കേരള ധനകാര്യ നിയമ - ഭവന വകുപ്പ് മന്ത്രി ശ്രീ. കെ. എം. മാണി ഉദ്ഘാടനം ചെയ്തു. കോട്ടയം അതിരൂപതാധ്യക്ഷൻ മാർ മാത്യു മൂലക്കാട്ട് മെത്രാപ്പോലീത്ത അനുഗ്രഹപ്രഭാഷണം നടത്തി. 2012-2013 അദ്ധ്യയനവർഷത്തിൽ എസ്.എസ്.എൽ.സി., പ്ലസ് ടു പരീക്ഷയിൽ ഉന്നതവിജയം കരസ്ഥമാക്കിയ 57 ക്നാനായ വിദ്യാർത്ഥികളെയും 2011-2012 വർഷത്തിൽ കേരള സംസ്ഥാന അദ്ധ്യാപക അവാർഡ് ലഭിച്ച ശ്രീ. ഒ. ഡി. വിൻസന്റ്, സ്റ്റേറ്റ് പോലീസ് അവാർഡ് ജേതാവ് പാലാ DYSP ബിജു കെ. സ്റ്റീഫൻ, KCYM ദേശീയ സെക്രട്ടറിയായി തെരഞ്ഞെടുക്കപ്പെട്ട സിറിയക് ചാഴികാടൻ എന്നിവരെ പ്രസ്തുത സമ്മേളനത്തിൽ ആദരിച്ചു.

തോമസ് പീടികയിൽ (ജന. സെക്രട്ടറി)

# Chaithanya Programme
# September 2013

| DATE | PROGRAMME |
|---|---|
| 1 | KSSS Friends' Team Meeting |
| 5 | KSSS Senior Coordinators' Meeting |
| 7 | Local KSSS Training |
| 9-18 | KSSS Rubber Tapping Training |
| 11 | KSSS Friends of Coconut Tree Orientation |
| 12 | KSSS Senior Coordinators' Meeting |
| 12-14 | Family Commission - Pre-marriage Course |
| 14 | KSSS Golden Jubilee Inauguration |
| 17-19 | C.M.L Camp |
| 18 | KSSS Beautician Training |
| 18 | KSSS Screen Printing Training |
| 19 | KSSS CBR CRC |
| 20 | KSSS SAFP Regional Meeting |
| 20 | KSSS Edackat Regional Onam Celebration |
| 20-22 | K.C.Y.L Camp |
| 21 | KSSS Ornaments Making Training |
| 23-28 | KSSS Cow-rearing Training |
| 23-28 | Co-operative Bank Employees Training |
| 24 | KSSS Senior Coordinators' Meeting |
| 24 | Pastoral Council Meeting |
| 26 | Legion of Mary Meeting |
| 26 | KSSS Deafblind State Meeting |
| 27 | KSSS Bee-keeping Training |
| 27 | KSSS Mushroom Cultivation Training |
| 29 | KSSS CBR Neurology Medical Camp |
| 30 | TCI Seminar |
| Oct 1 | KSSS Senior Day |
| Oct 4 | KSSS Animators' Training |

## Good Samaritan Resource Centre Programme

| | |
|---|---|
| 1-7 | KSSS Changathikoottam Training |
| 3 | KSSS Kidangoor Regional level GVS Training |
| 6 | KSSS Kidangoor Regional Meeting |
| 12 | KSSS CBR Onam Celebration |
| 13-15 | Kidangoor Forane Holy Childhood Camp |
| 13 | KSSS Kidangoor Regional Meeting |
| 20-22 | Kidangoor Forane CML Camp |
| 20 | KSSS Kidangoor Regional Meeting |
| 27 | KSSS Kidangoor Regional Meeting |
| 28 | KSSS SAFP Regional Meeting |

# കോട്ടയം സോഷ്യൽ സർവ്വീസ് സൊസൈറ്റി

## കെ.എസ്.എസ്.എസ് സുവർണ്ണജൂബിലി ആഘോഷങ്ങൾക്ക് സെപ്റ്റംബർ 14 ന് ബഹു. കേരള ഗവർണ്ണർ തിരി തെളിക്കും

കോട്ടയം സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ സുവർണ്ണ ജൂബിലി ആഘോഷങ്ങൾക്ക് ബഹു. കേരള ഗവർണ്ണർ നിഖിൽ കുമാർ തിരി തെളിക്കും. കെ.എസ്.എസ്.എസിന്റെ ഒരു വർഷം നീണ്ടു നിൽക്കുന്ന സുവർണ്ണ ജൂബിലി ആഘോഷങ്ങൾക്കാണ് സെപ്തംബർ 14 ന് തുടക്കമാവുക. അഭിവന്ദ്യ പിതാക്കന്മാർ, ബഹു. കേരള മുഖ്യമന്ത്രി ഉമ്മൻ ചാണ്ടി, സംസ്ഥാന മന്ത്രിമാർ തുടങ്ങി മത, സാമൂഹ്യ, സാംസ്ക്കാരിക, രാഷ്ട്രീയ രംഗത്തെ പ്രമുഖരുടെ സാന്നിദ്ധ്യം ഉദ്ഘാടന ചടങ്ങിനെ പ്രൗഢമാക്കും. 1964 സെപ്തംബർ 14 നാണ് സൊസൈറ്റീസ് രജിസ്ട്രേഷൻ നിയമപ്രകാരം കെ.എസ്.എസ്.എസ് രജിസ്റ്റർ ചെയ്ത് പ്രവർത്തനമാരംഭിച്ചത്. ഉപവിയിലധിഷ്ഠിതമായും അടിസ്ഥാന സൗകര്യ- ദാരിദ്ര്യ നിർമ്മാർജ്ജന പ്രവർത്തനങ്ങളിൽ കേന്ദ്രീ

കരിച്ചും മുന്നേറിയ കെ.എസ്.എസ്.എസിന്റെ പ്രവർത്തനങ്ങൾ ഇന്ന് സമൂഹത്തിലെ എല്ലാ വിഭാഗം ജനങ്ങളുടേയും സമഗ്രവളർച്ച സാധ്യമാക്കിക്കൊണ്ട് മുന്നേറുന്നു. സുവർണ്ണജൂബിലിവർഷത്തിൽ ഒട്ടനവധി സാമൂഹ്യക്ഷേമ കർമ്മപദ്ധതികളാണ് കെ.എസ്.എസ്.എസ് ആവിഷ്ക്കരിച്ചു വരുന്നത്. 2014 സെപ്തംബർ 14 ന് സുവർണ്ണജൂബിലി ആഘോഷങ്ങൾക്ക് സമാപനമാകും.

## ചൈതന്യ ജീവകാരുണ്യ നിധി വിഭവ സമാഹരണ കൂപ്പൺ

കെ.എസ്.എസ്.എസ് സുവർണ്ണ ജൂബിലി മുന്നൊരുക്ക ആലോചനായോഗങ്ങളിൽ ലഭിച്ച നിർദ്ദേശങ്ങൾ പരിഗണിച്ച് നിർദ്ധന രോഗികൾക്ക് ചെലവേറിയ ചികിത്സകൾ ആവശ്യമായി വരുമ്പോൾ സ്വാന്തന സ്പർശമേകുവാൻ സുവർണ്ണ ജൂബിലി വർഷത്തിൽ ഒരു ജീവകാരുണ്യ നിധി സമാഹരിക്കുവാൻ ലക്ഷ്യമിടുന്നു. മാറാ രോഗങ്ങൾ ഉൾപ്പെടെ അപ്രതീക്ഷിതമായ നിരവധി രോഗങ്ങളുടെ ബുദ്ധിമുട്ടുകൾ നേരിടേണ്ടിവരുന്ന കുടുംബങ്ങൾക്ക് ഒരു കൈത്താങ്ങായി മാറുകയെന്ന ലക്ഷ്യത്തോടെയാണ് ഫണ്ട് സമാഹരണം നടത്തുന്നത്. 16-ാമത് ചൈതന്യ കാർഷിക മേളയോടും സ്വാശ്രയസംഘ മഹോത്സവത്തോടും അനുബന്ധിച്ച് ഒരുക്കുന്ന സമ്മാനക്കൂപ്പണിൽ നിന്നും ലഭിക്കുന്ന തുക ഈ പ്രത്യേക ലക്ഷ്യത്തിന് വേണ്ടിയായിരിക്കും നീക്കിവയ്ക്കുന്നത്. ആകർഷക സമ്മാനങ്ങളുമായി പുറത്തിറക്കുന്ന സമ്മാനക്കൂപ്പണിന്റെ പ്രകാശനകർമ്മം ബഹു കേരള ധനകാര്യമന്ത്രി കെ.എം മാണി നിർവ്വഹിച്ചു. ഒന്നാം സമ്മാനമായി സ്കൂട്ടറും രണ്ടാം സമ്മാനമായി ലാപ്ടോപ്പും മൂന്നാം സമ്മാനമായി വാഷിംഗ് മെഷീനും നാലാം സമ്മാനമായി തയ്യൽ മെഷീനും അഞ്ചാം സമ്മാനമായി സോളാർ റാന്തൽ വിളക്കും കൂടാതെ 1000 ൽ പരം ഗ്രാമതല സമ്മാനങ്ങളുമാണ് ഒരുക്കിയിരിക്കുന്നത്. കൂപ്പൺ ഒന്നിന് 10 രൂപയാണ്.

## ഗ്രാമവികസനസമിതി പ്രസിഡന്റുമാരുടെ ആലോചനായോഗം സംഘടിപ്പിച്ചു

സുവർണ്ണജൂബിലി വർഷത്തിലേക്ക് പ്രവേശിക്കുന്ന കെ.എസ്.എസ്.എസ് വരും വർഷങ്ങളിൽ സ്വീകരിക്കേണ്ട ദിശാബോധത്തെക്കുറിച്ചും പ്രവർത്തന കർമ്മപദ്ധതികളെക്കുറിച്ചും വിചിന്തനം നടത്തുന്നതിനായി അതിരൂപതയിലെ ഇടവകകളിലെ കെ.എസ്.എസ്.എസ്

പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്ന ഗ്രാമവികസനസമിതി പ്രസിഡന്റുമാരുടെ ആലോചനായോഗം ആഗസ്റ്റ് 14 ന് ചൈതന്യയിൽ സംഘടിപ്പിച്ചു. അതിരൂപതാ മെത്രാപ്പോലീത്ത മാർ മാത്യു മൂലക്കാട്ട് യോഗത്തിൽ അദ്ധ്യക്ഷത വഹിച്ചു. ആലുവ സെമിനാരി പ്രൊഫസർ ഡോ. മാത്യു ഇല്ലത്തുപറമ്പിൽ സാമൂഹ്യപ്രവർത്തനത്തിന്റെ നൂതനകാഴ്ചപ്പാടുകളെക്കുറിച്ച് ക്ലാസ്സ് നയിച്ചു. തുടർന്ന് കെ.എസ്.എസ്.എസ് പ്രസിഡന്റ് മോൺ. മാത്യു ഇളപ്പാനിക്കൽ കോട്ടയം അതിരൂപതയിലെ ഇടവകകളുടെ പശ്ചാത്തലത്തിൽ സാമൂഹ്യ പ്രവർത്തനത്തിൽ ഭാവിയിൽ ചെലുത്തേണ്ട ആഭിമുഖ്യത്തെക്കുറിച്ച് വിഷയാവതരണം നടത്തി.

## ഗ്രാമവികസന സമിതി അംഗങ്ങളായ സിസ്റ്റേഴ്സിന്റെ മീറ്റിംഗ് സംഘടിപ്പിച്ചു

കെ.എസ്.എസ്.എസിന്റെ ഗ്രാമതല പ്രവർത്തനങ്ങൾക്ക് ചുക്കാൻ പിടിക്കുന്ന ഗ്രാമവികസന സമിതി അംഗങ്ങളായ സിസ്റ്റേഴ്സിന്റെ മീറ്റിംഗ് ആഗസ്റ്റ് 24-ാം തീയതി 10.30 ന് ചൈതന്യയിൽ സംഘടിപ്പിച്ചു. കേരള സോഷ്യൽ സർവ്വീസ് ഫോറം മുൻഡയറക്ടർ ഫാ. വർഗീസ് കാട്ടുപറമ്പിൽ സാമൂഹ്യ പ്രവർത്തനമേഖലയിലെ നൂതന സാധ്യതകളെക്കുറിച്ച് ക്ലാസ്സെടുത്തു. കെ.എസ്.എസ്.എസ് പ്രസിഡന്റ് മോൺ. മാത്യു ഇളപ്പാനിക്കൽ ജൂബിലി വർഷ കർമ്മപരിപാടികൾ രൂപം നൽകുന്നതിനുവേണ്ടിയുള്ള ചർച്ചകൾക്ക് നേതൃത്വം നൽകി. കെ.എസ്.എസ്.എസ് സുവർണ്ണ ജൂബിലിയോടനുബന്ധിച്ച് നടപ്പിലാക്കേണ്ട വിവിധ കർമ്മപദ്ധതികൾ ആസൂത്രണം ചെയ്യുന്നതിനായാണ് യോഗം സംഘടിപ്പിച്ചത്.

## ഫെഡറേഷൻ ഭാരവാഹികളുടെ ആലോചനായോഗം സംഘടിപ്പിച്ചു

കെ.എസ്.എസ്.എസ് സുവർണ്ണജൂബിലി ആഘോഷങ്ങളുടെ ഭാഗമായി ജൂബിലി വർഷത്തിലും തുടർന്നും നടപ്പിലാക്കേണ്ട കർമ്മപദ്ധതികൾ ആവിഷ്ക്കരിക്കുന്നതിനായി കെ.എസ്.എസ്.എസ് ഫെഡറേഷൻ ഭാരവാഹികളുടെ ആലോചനായോഗം കെ.എസ്.എസ്.എസ് കർഷകദിനാചരണത്തോടനുബന്ധിച്ച് ആഗ്സ്റ്റ് 17 ന് ചൈതന്യയിൽ സംഘടിപ്പിച്ചു. ജൂബിലവർഷത്തിൽ നടപ്പിലാക്കേണ്ട കർമ്മപരിപാടികളെക്കുറിച്ച് യോഗത്തിൽ ചർച്ച ചെയ്തു.

### ലോക്കൽ കെ.എസ്.എസ്.എസ് അംഗങ്ങളുടെ മീറ്റിംഗ്

കെ.എസ്.എസ്.എസ് സുവർണ്ണ ജൂബിലി ആഘോഷങ്ങളോട് അനുബന്ധിച്ച് ലോക്കൽ കെ.എസ്.എസ്.എസ് അംഗങ്ങളുടെ മീറ്റിംഗ് സംഘടിപ്പിക്കുന്നു. സെപ്റ്റംബർ 7-ാം തീയതി ശനിയാഴ്ച രാവിലെ 10.30 ന് ചൈതന്യയിൽ കോട്ടയം അതിരൂപതാധ്യക്ഷൻ മാർ മാത്യു മൂലക്കാട്ടിന്റെ അദ്ധ്യക്ഷതയിലാണ് മീറ്റിംഗ് സംഘടിപ്പിക്കുന്നത്. കെ.എസ്.എസ്.എസിന്റെ പ്രവർത്തന പരിധിയിൽപ്പെട്ട എല്ലാ ഇടവകകളിൽ നിന്നും രണ്ട് ലോക്കൽ കെ.എസ്.എസ്.എസ് പ്രതിനിധികൾ വീതം യോഗത്തിൽ പങ്കെടുക്കേണ്ടതാണ്.

## വികസനപാതയിൽ വരുംദിനങ്ങളിൽ

### ജൂബിലി വയോജനദിനാഘോഷം ചൈതന്യയിൽ

അന്താരാഷ്ട്ര വയോജന ദിനമായ ഒക്ടോബർ 1 ന് കെ.എസ്.എസ്.എസ് ചൈതന്യയിൽ വിപുലമായ പരിപാടികളോടെ വയോജനദിനാഘോഷം സംഘടിപ്പിക്കുന്നു. വൃദ്ധജനങ്ങളുടെ സന്തോഷത്തിനും അവരിൽ അന്തർലീനമായ കഴിവുകളെ സമൂഹ മദ്ധ്യത്തിൽ ഉയർത്തിപ്പിടിക്കുക എന്നീ ലക്ഷ്യങ്ങളോടെയാണ് സംഗമം നടത്തുന്നത്. സംഗമത്തോടനുബന്ധിച്ച് സെമിനാറുകൾ, കലാപരിപാടികൾ, പൗരാണിക മത്സരങ്ങൾ, വിവിധ മാതൃക വികസന നേട്ടങ്ങൾ കൈവരിച്ചവരുടെ അനുഭവം പങ്കുവയ്ക്കൽ, പൊതുസമ്മേളനം എന്നിവ ഉണ്ടായിരിക്കും.

### കർഷക ദമ്പതി സംഗമങ്ങൾ

ദമ്പതികൾക്കായുള്ള ആകർഷണീയ മത്സരങ്ങൾ, പൊതുസമ്മേളനം, സെമിനാർ, സ്നേഹവിരുന്ന് എന്നിങ്ങനെ വൈവിദ്ധ്യമാർന്ന പരിപാടികളോടെ സംഘടിപ്പിക്കുന്ന കർഷക ദമ്പതി സംഗമങ്ങൾ സെപ്റ്റംബർ മാസത്തിൽ കല്ലറ പുത്തൻ, മേമ്മുറി, മുട്ടം, കടുത്തുരുത്തി, പൂതാളി എന്നീ ഗ്രാമങ്ങളിൽ സംഘടിപ്പിക്കുന്നതാണ്.

### സി.ബി.ആർ ന്യൂറോളജിക്കൽ ക്യാമ്പ്

കെ.എസ്.എസ്.എസിന്റെ നേതൃത്വത്തിൽ പ്രവർത്തിക്കുന്ന സമൂഹാധിഷ്ഠിത പുനരധിവാസ പദ്ധതിയുടെ ഭാഗമായി തുടർച്ചയായി നടത്തി വരുന്ന ന്യൂറോളജിക്കൽ മെഡിക്കൽ ക്യാമ്പ് സെപ്റ്റംബർ 29

ഞായറാഴ്ച രാവിലെ 10 മുതൽ ചൈതന്യയിൽ സംഘടിപ്പിക്കുന്നു. ക്യാമ്പിന് ഡോ. ഗ്രേസിക്കുട്ടി നേതൃത്വം നൽകും.

## സംസ്ഥാനതല നെറ്റ്‌വർക്ക് മീറ്റിംഗ് സംഘടിപ്പിക്കുന്നു

കോട്ടയം സോഷ്യൽ സർവ്വീസ് സൊസൈറ്റിയും അന്ധ ബധിര വൈകല്യമുള്ളവരുടെ ക്ഷേമ പ്രവർത്തനങ്ങളിൽ അന്തർദേശീയ തലത്തിൽ പ്രവർത്തിക്കുന്ന സെൻസ് ഇന്റർനാഷണലും സംയുക്തമായി അന്ധ ബധിര വൈകല്യമുള്ളവരുടെ രക്ഷിതാക്കളെയും അന്ധ ബധിര വൈകല്യമുള്ളവരുടെ പുനരധിവാസത്തിൽ ശാസ്ത്രീയമായി പരിശീലനം പൂർത്തിയാക്കിയവരെയും സംഘടിപ്പിച്ചുകൊണ്ട് സംസ്ഥാനതല നെറ്റ് വർക്ക് മീറ്റിംഗ് തെള്ളകം ചൈതന്യ പാസ്റ്ററൽ സെന്ററിൽ സെപ്റ്റംബർ 26 ന് സംഘടിപ്പിക്കും.

## സംസ്ഥാനതല ശില്പശാല

അന്ധബധിര വൈകല്യമുള്ളവരുടെ സമഗ്ര പുനരധിവാസം ലക്ഷ്യമാക്കി കോട്ടയം സോഷ്യൽ സർവ്വീസ് സൊസൈറ്റിയും അന്ധ ബധിര ക്ഷേമ പ്രവർത്തനങ്ങളിൽ അന്തർദേശീയ തലത്തിൽ പ്രവർത്തിക്കുന്ന സെൻസ് ഇന്റർനാഷണലും സംയുക്തമായി തിരുവനന്തപുരം തൈക്കാട് ഗവൺമെന്റ് ഗസ്റ്റ് ഹൗസിൽ സെപ്റ്റംബർ 27-ാം തീയതി സംസ്ഥാനതല ശില്പശാല സംഘടിപ്പിക്കുന്നു. ആരോഗ്യ രംഗത്തെ പ്രമുഖർ, ത്രിതല പഞ്ചായത്ത് പ്രതിനിധികൾ, സാമൂഹ്യ പ്രവർത്തകർ, വികലാംഗക്ഷേമ പ്രവർത്തകർ, വിദ്യാഭ്യാസ മേഖലയിലെ പ്രമുഖർ, സെൻസ് സംഘടനാ പ്രതിനിധികൾ, മാധ്യമ പ്രതിനിധികൾ, ആരോഗ്യ ക്ഷേമ പ്രവർത്തകർ തുടങ്ങി വിവിധ മേഖലയിലെ പ്രമുഖർ ശില്പശാലയിൽ പങ്കെടുക്കും.

## തിമിര നിർണ്ണയ ക്യാമ്പ്

കോട്ടയം സോഷ്യൽ സർവ്വീസ് സൊസൈറ്റി അങ്കമാലി ലിറ്റിൽ ഫ്ളവർ ആശുപത്രിയുമായി സഹകരിച്ച് നടപ്പിലാക്കുന്ന നേത്ര സംരക്ഷണ പ്രവർത്തനങ്ങളുടെ ഭാഗമായി ചാമക്കാല, കൈപ്പുഴ, ഒളശ്ശ എന്നീ ഗ്രാമങ്ങളിൽ തിമിര നിർണ്ണയ ക്യാമ്പ് സംഘടിപ്പിച്ചു. ചാമക്കാലായിൽ 174 അംഗങ്ങളും കൈപ്പുഴയിൽ 125 അംഗങ്ങളും ഒളശ്ശയിൽ 120 അംഗങ്ങളും പങ്കാളികളായി. ചാമക്കാലായിൽ 15 അംഗങ്ങൾക്കും കൈപ്പുഴ 7 അംഗങ്ങൾക്കും, ഒളശ്ശയിൽ 5 അംഗങ്ങൾക്കും വിദഗ്ദ പരിശോധ

നയിലൂടെ തിമിരം കണ്ടെത്തി. സെപ്റ്റംബർ 3-ാം തീയതി പാഴുത്തുരുത്തും 12-ാം തീയതി തോട്ടറയിലും, 24-ാം തീയതി വാകത്താനത്തും തിമിര നിർണ്ണയ ക്യാമ്പുകൾ സംഘടിപ്പിച്ചു.

# സി.ബി.ആർ വാർത്തകൾ

## രക്ഷകർതൃ യോഗം സംഘടിപ്പിച്ചു

അഗാപ്പെ സ്കൂൾ രക്ഷകർതൃയോഗം ഓഗസ്റ്റ് 2-ാം തീയതി ചേർപ്പുങ്കലിൽ സംഘടിപ്പിച്ചു. കെ.എസ്.എസ്.എസ് അസി. സെക്രട്ടറി ഫാ. ബിബിൻ കണ്ടോത്ത് അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ സിസ്റ്റർ ലിനറ്റ് ക്ലാസ്സ് നയിച്ചു. പുതിയ ഭാരവാഹികളെ തിരഞ്ഞെടുത്തു. 2013 അദ്ധ്യയന വർഷത്തിലെ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കാൻ വേണ്ട പദ്ധതികൾ ആസൂത്രണം ചെയ്യുകയും ചെയ്തു.

# സ്മാർട്ട് കോർണർ

## കെ.എസ്.എസ്.എസ് സ്മാർട്ട് കുട്ടിക്കൂട്ടം സംഘടിപ്പിച്ചു

കോട്ടയം സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ നേതൃത്വത്തിൽ ആറ്, ഏഴ് ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികളുടെ സമഗ്ര വികസനം ലക്ഷ്യമാക്കി രൂപീകൃതമായിരിക്കുന്ന സ്മാർട്ട് ഗ്രൂപ്പംഗങ്ങളെ പങ്കെടുപ്പിച്ചുകൊണ്ട് 'കുട്ടിക്കൂട്ടം' സംഘടിപ്പിച്ചു. കുറുമുള്ളൂർ സെന്റ് സ്റ്റീഫൻസ് ചർച്ച് ഹാളിൽ സംഘടിപ്പിച്ച സംഗമത്തിന്റെ ഉദ്ഘാടനം ഏറ്റുമാനൂർ സർക്കിൾ ഇൻസ്പെക്ടർ ഷാജു ജോസ് നിർവ്വഹിച്ചു. കുറുമുള്ളൂർ ഗ്രാമവികസന സമിതി പ്രസിഡന്റ് ഫാ. മാത്യു ഏറ്റിയപ്പള്ളിൽ ചടങ്ങിൽ അദ്ധ്യക്ഷത വഹിച്ചു. ഏറ്റുമാനൂർ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് സന്ധ്യാ ബാനർജി മുഖ്യപ്രഭാക്ഷണം നടത്തി. സംഗമത്തോടനുബന്ധിച്ച് പരമ്പരാഗത ഔഷധ കൂട്ടുകളെക്കുറിച്ചുള്ള വിവരണമടങ്ങിയ 'നാട്ടറിവുകളുടെ' പ്രകാശനവും, സെമിനാറും, വയോജനങ്ങളുടെ അനുഭവം പങ്കുവയ്ക്കലും കുട്ടികളുമായുള്ള സംവാദവും, വിവിധ മത്സരങ്ങളും കലാപരിപാടികളും നടത്തപ്പെട്ടു. സംഗമത്തിൽ 150 കുട്ടികൾ പങ്കെടുത്തു.

## സ്മാർട്ട് ഊർജ്ജമിത്ര – പഠനയാത്ര

ഊർജ്ജ സംരക്ഷണത്തിന്റെ ആവശ്യകത ബോധ്യപ്പെട്ട് വിവിധ ഊർജ്ജ സംരക്ഷണോപാധികളെ അടുത്തറിയുവാൻ ഭാവിതലമുറയ്ക്ക് അവസരം കൊടുക്കുക എന്ന ലക്ഷ്യത്തോടുകൂടി കെ.എസ്.എസ്.എസ് സ്മാർട്ട് കൂട്ടുകാർക്കായി സംഘടിപ്പിച്ച 'സ്മാർട്ട് ഊർജ്ജമിത്ര 2013' കൊളാഷ് മത്സര വിജയികൾക്കായുള്ള ഊർജ്ജ സംരക്ഷണ പഠനയാത്ര സെപ്റ്റംബർ 18–ാം തീയതി സംഘടിപ്പിക്കുന്നു. 2013 ജൂൺ മാസത്തിലെ സംഘചൈതന്യയിൽ നൽകിയിരിക്കുന്ന ലിസ്റ്റ് അനുസരിച്ചുള്ള മത്സരവിജയികൾക്കാണ് പഠനയാത്ര സംഘടിപ്പിക്കുന്നത്.

## സ്മാർട്ട് പ്ലസ് സംഗമം സംഘടിപ്പിച്ചു

കെ.എസ്.എസ്.എസിന്റെ നേതൃത്വത്തിൽ സ്മാർട്ട് പ്ലസ് സംഗമം സംഘടിപ്പിച്ചു. സ്മാർട്ട്പ്ലസ് പദ്ധതിയിലേയ്ക്ക് തെരഞ്ഞെടുക്കപ്പെട്ട 40 കുട്ടികളെ ഉൾപ്പെടുത്തി ആഗസ്റ്റ് 9 ന് ചൈതന്യയിലാണ് സംഗമം സംഘടിപ്പിച്ചത്. സ്മാർട്ട് പ്ലസ് പദ്ധതി സ്പോൺസർ സിബി ഐക്കരത്തുണ്ടത്തിൽ കുട്ടികളുമായി സംവദിച്ചു. സംഗമത്തോടനുബന്ധിച്ച് കുട്ടികൾക്ക് ലഭ്യമാക്കുന്ന സ്കോളർഷിപ്പ് തുകയുടെ അവസാനഘട്ട വിതരണവും നടത്തപ്പെട്ടു. വിവിധ കലാപരിപാടികളും മത്സരങ്ങളും സംഘടിപ്പിച്ചു. സംഗമത്തിൽ യുവത്വത്തിന്റെ വെല്ലുവിളികളും പരിഹാരങ്ങളും എന്ന വിഷയത്തിൽ കെ.എസ്.എസ്.എസ് അസി. സെക്രട്ടറി ഫാ. ബിൻസ് ചേത്തലിൽ ക്ലാസ്സെടുത്തു. സംഗമത്തിൽ 31 കുട്ടികൾ പങ്കെടുത്തു.

## സ്മാർട്ട് അനിമേറ്റേഴ്സിന് പരിശീലനം സംഘടിപ്പിച്ചു

2013 –2014 വർഷത്തേക്കുള്ള സ്മാർട്ട് ഗ്രൂപ്പ് പ്രവർത്തനങ്ങൾ കൂടുതൽ ശക്തിപ്പെടുത്തുന്നതിനായി സ്മാർട്ട് ഗ്രൂപ്പുള്ള എല്ലാ ഗ്രാമങ്ങളിലേയും അനിമേറ്റേഴ്സിനും സി.ബി.ആർ അനിമേറ്റേഴ്സിനും സ്മാർട്ട് ഗ്രൂപ്പ് വോളന്റിയേഴ്സിനുമായുള്ള ഏകദിന പരിശീലനം ഓഗസ്റ്റ് 6 ന് രാവിലെ 10.30 മുതൽ ചൈതന്യയിൽ സംഘടിപ്പിച്ചു. പരിശീലനത്തിന് മാതൃഭൂമി 'സീഡ്' പ്രോഗ്രാം സ്റ്റേറ്റ് ലെവൽ കോർഡിനേറ്റർ അനന്തുസദൻ നേതൃത്വം നൽകി. പരിശീലനത്തിൽ സ്മാർട്ട് പഠന സഹായി പരിചയപ്പെടുത്തൽ, വിവിധ മത്സരങ്ങൾ, ഗ്രൂപ്പ് ചർച്ച എന്നിവയും നടത്തപ്പെട്ടു.

## ജലനിധി വാർത്തകൾ

### ഗുണഭോക്തൃ സമിതി രൂപീകരണം

മരങ്ങാട്ടുപിള്ളി ഗ്രാമപഞ്ചായത്തിൽ കോട്ടയം സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ സഹകരണത്തോടെ നടപ്പിലാക്കുന്ന സംസ്ഥാന സർക്കാരിന്റെ ഗ്രാമീണ ശുദ്ധജല പദ്ധതിയായ ജലനിധി പദ്ധതിയുടെ ഭാഗമായി ഗുണഭോക്തൃ സമിതി രൂപീകരണം പൂർത്തിയായി. പഞ്ചായത്തിന്റെ വിവിധ വാർഡുകളിലായി 35 ഗുണഭോക്തൃ സമിതികൾ രൂപീകരിച്ചു. 35 സമിതികളിലായി 1872 അംഗങ്ങളാണ് പദ്ധതിയിൽ പങ്കാളികളാവുന്നത്. ഗുണഭോക്തൃ സമിതി ഭാരവാഹികൾക്കായുള്ള പരിശീലനം സെപ്തംബർ മാസത്തിൽ സംഘടിപ്പിക്കുന്നതാണ്.

## തൊഴിൽ പരിശീലനങ്ങൾ

### സ്ക്രീൻ പ്രിന്റിംഗ് പരിശീലനം

നൂതന തൊഴിൽ സംരംഭക സാധ്യതകൾ സ്വാശ്രയസംഘാംഗങ്ങൾക്ക് തുറന്നു കൊടുക്കുക എന്ന ലക്ഷ്യത്തോടെ സെപ്റ്റംബർ 18, 19 തീയതികളിൽ ചൈതന്യയിൽ സ്ക്രീൻ പ്രിന്റിംഗ് പരിശീലനം സംഘടിപ്പിക്കുന്നു. സാരിയിലും ഇതര തുണിത്തരങ്ങളിലും പെയിന്റ് ഉപയോഗിച്ച് പ്രിന്റ് ചെയ്യുന്നതിനാണ് പരിശീലനം നൽകുന്നത്.

### ആഭരണ നിർമ്മാണ പരിശീലനം

സ്വയം തൊഴിൽ പ്രോത്സാഹിപ്പിച്ച് സ്വാശ്രയസംഘാംഗങ്ങളെ സ്വയം പര്യാപ്തതയിൽ എത്തിക്കുക എന്ന ലക്ഷ്യത്തോടെ ആഭരണ നിർമ്മാണ പരിശീലനം സംഘടിപ്പിക്കുന്നു. സെപ്റ്റംബർ 21-ാം തീയതി ശനിയാഴ്ച ചൈതന്യയിലാണ് പരിശീലനം സംഘടിപ്പിച്ചിരിക്കുന്നത്. മുത്തുകൾ ഉപയോഗിച്ച് വിവിധങ്ങളായ ആഭരണങ്ങൾ നിർമ്മിക്കുന്നതിനാണ് പരിശീലനം നൽകുന്നത്.

### ബ്യൂട്ടീഷ്യൻ പരിശീലനം

നൂതന തൊഴിൽ സംരംഭക സാധ്യതകൾ സ്വാശ്രയ സംഘാംഗങ്ങൾക്കായി തുറന്നുകൊടുക്കുക എന്ന ലക്ഷ്യത്തോടെ 15 ദിവസം നീണ്ടു നിൽക്കുന്ന ബ്യൂട്ടീഷ്യൻ പരിശീലനം ചൈതന്യ കമ്മ്യൂണിറ്റി കോളേജിൽ സംഘടിപ്പിക്കുന്നു. ത്രെഡിംഗ്, വാക്സിംഗ്, ബ്ലീച്ചിംഗ്, ഫേഷ്യൽ,

ഹെയർ കട്ടിംഗ്, പീൽ, ഹെന്ന, പെഡിക്യൂർ, മെനിക്യൂർ, ഹോട്ട് ഓയിൽ മസാജ്, സ്പിഞ്ചിംഗ്, ബ്രൈഡൽ മേക്കപ്പ്, ഫ്ളവർ അറേഞ്ച്മെന്റ്, കാർ ഡെക്കറേഷൻ എന്നിവയാണ് പരിശീലനത്തിൽ ക്രമീകരിച്ചിരിക്കുന്നത്. അടുത്ത ബാച്ചിന്റെ പരിശീലനം സെപ്റ്റംബർ 18-ാം തീയതി ആരംഭിക്കും.

## കൂൺ കൃഷി പരിശീലനം

പരിസ്ഥിതി സൗഹൃദ കൃഷി രീതികളിലൂടെ ഭക്ഷ്യസുരക്ഷ ഉറപ്പുവരുത്തുക എന്ന ലക്ഷ്യത്തോടെ കൂൺകൃഷി പരിശീലനം സെപ്റ്റംബർ 27 വെള്ളിയാഴ്ച രാവിലെ 10.30 മുതൽ ചൈതന്യയിൽ സംഘടിപ്പിക്കുന്നു. പരിശീലനം പൂർത്തിയാക്കി കൂൺകൃഷി യൂണിറ്റ് തുടങ്ങുവാനാഗ്രഹിക്കുന്നവർക്ക് കൂൺ ബഡ്, കൂൺ വിത്ത് എന്നിവയും ഇതര സാങ്കേതിക സഹായങ്ങളും ചൈതന്യ കാർഷിക നേഴ്സറിയിൽ നിന്ന് ലഭ്യമാക്കും.

## തേനീച്ച വളർത്തൽ പരിശീലനം

ഉപവരുമാന പദ്ധതികളുടെ പ്രോത്സാഹനം ലക്ഷ്യമിട്ട് നടപ്പിലാക്കി വരുന്ന വിവിധങ്ങളായ പരിശീലനങ്ങളുടെ ഭാഗമായി കെ.എസ്.എസ്. എസിന്റെ നേതൃത്വത്തിൽ തേനീച്ച വളർത്തൽ പരിശീലനം സംഘടിപ്പിക്കുന്നു. സെപ്റ്റംബർ 27 വെള്ളിയാഴ്ച രാവിലെ 10.30 മുതൽ സംഘടിപ്പിക്കുന്ന പരിശീലനത്തിൽ തേനീച്ച വളർത്തലിന്റെ ശാസ്ത്രീയ രീതികൾ, തേൻ ശേഖരണ മാർഗ്ഗങ്ങൾ, ശുദ്ധീകരണ മാർഗ്ഗങ്ങൾ, തേനിൽ നിന്നുള്ള മൂല്യവർദ്ധിത ഉല്പന്നങ്ങളുടെ പരിചയപ്പെടുത്തൽ തുടങ്ങി വിവിധ വിഷയങ്ങളിൽ പരിശീലനം നൽകും.

## തെങ്ങിന്റെ ചങ്ങാതിക്കൂട്ടം പരിശീലനം

സംസ്ഥാന നാളികേര വികസന ബോർഡും കോട്ടയം സോഷ്യൽ സർവ്വീസ് സൊസൈറ്റിയും സംയുക്തമായി സംഘടിപ്പിക്കുന്ന തെങ്ങിന്റെ ചങ്ങാതിക്കൂട്ടം പദ്ധതിയുടെ ഭാഗമായി 24, 25 ബാച്ചുകളുടെ പരിശീലനം സെപ്തംബർ 1 മുതൽ 7 വരെ ചേർപ്പുങ്കൽ സമരിറ്റൻ സെന്ററിൽ സംഘടിപ്പിക്കുന്നു. അടുത്ത ബാച്ചിന്റെ പരിശീലനത്തിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ 8281610603 എന്ന നമ്പറിൽ ബന്ധപ്പെടുക.

## റബ്ബർ ടാപ്പിംഗ് പരിശീലനം

സ്വയം തൊഴിലിന്റെ അനന്ത സാധ്യതകൾ സ്വാശ്രയസംഘാംഗ ങ്ങൾക്ക് തുറന്നു കൊടുക്കുക എന്ന ലക്ഷ്യത്തോടെ കെ.എസ്.എസ്. എസ് റബ്ബർ ബോർഡുമായി സഹകരിച്ച് റബ്ബർ ടാപ്പിംഗ് പരിശീലനം സംഘടിപ്പിക്കുന്നു. സെപ്റ്റംബർ 9 മുതൽ 18 വരെ ചൈതന്യയിൽ സംഘ ടിപ്പിക്കുന്ന പരിശീലനത്തോടനുബന്ധിച്ച് ടാപ്പിംഗ് പരിശീലനം, വളപ്ര യോഗം, നല്ലയിനം തൈകൾ, റബ്ബറിന്റെ വിവിധ മൂല്യവർദ്ധിത ഉൽപന്ന ങ്ങൾ എന്നിവയെക്കുറിച്ച് ക്ലാസ്സുകൾ സംഘടിപ്പിക്കും. പരിശീലനത്തിൽ പങ്കെടുക്കാൻ താൽപര്യമുള്ളവർ അനിമേറ്ററിന്റെ പക്കൽ പേര് നൽകേ ണ്ടതാണ്.

## പശുവളർത്തൽ പരിശീലനം

കെ.എസ്.എസ്.എസും ഡയറി ഡവലപ്പ്മെന്റ് ഡിപ്പാർട്ട്മെന്റും സംയുക്തമായി ക്ഷീര കർഷകർക്കായി പശുവളർത്തൽ പരിശീലനം സംഘടിപ്പിക്കുന്നു. സെപ്തംബർ 23 മുതൽ 28 വരെ ചൈതന്യയിൽ ആയിരിക്കും പരിശീലനം സംഘടിപ്പിക്കുക. പരിശീലനത്തോട നുബന്ധിച്ച് പശുവളർത്തലിന്റെ ശാസ്ത്രീയ രീതികൾ, തീറ്റപ്പുൽ കൃഷി, പശുവിനുണ്ടാകുന്ന രോഗങ്ങൾ തുടങ്ങിയ വിഷയങ്ങളെ ആസ്പദമാക്കി വിദഗ്ദ്ധർ ക്ലാസുകൾ നയിക്കും. 6 ദിവസം നീണ്ടുനിൽക്കുന്ന പരിശീലനം വിജയകരമായി പൂർത്തിയാക്കുന്ന വർക്ക് 750 രൂപ സ്റ്റൈഫന്റും സർട്ടിഫിക്കറ്റും നൽകുന്നതാണ്. പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ 250 രൂപ രജിസ്ട്രേഷൻ ഫീസടച്ച് ആനിമേറ്ററുടെ പക്കൽ പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്.

# കെ.എസ്.എസ്.എസ് പോയവാരങ്ങളിൽ

## പ്രളയ ബാധിതർക്ക് സഹായ ഹസ്തവുമായി കോട്ടയം സോഷ്യൽ സർവ്വീസ് സൊസൈറ്റി

കാലവർഷക്കെടുതി മൂലം ക്ലേശമനുഭവിച്ച ആലപ്പുഴ ജില്ലയിലെ വെളിയനാട്, കുന്നംങ്കരി ഗ്രാമങ്ങളിലെ ആളുകൾക്ക് സഹായ ഹസ്തവുമായി കോട്ടയം അതിരൂപതയുടെ സാമൂഹ്യ സേവന വിഭാഗമായ കോട്ടയം സോഷ്യൽ സർവ്വീസ് സൊസൈറ്റി. വെള്ളത്താൽ

ചുറ്റപ്പെട്ട് കിടക്കുന്ന ഈ പ്രദേശങ്ങളിലെ നൂറുകണക്കിന് ആളുകൾക്കാണ് സൊസൈറ്റിയുടെ നേതൃത്വത്തിൽ ഭക്ഷണ കിറ്റ് വിതരണം ചെയ്തത്. വെളിയനാട് സെന്റ്. മൈക്കിൾസ് എൽ.പി. സ്കൂളിൽ സംഘടിപ്പിച്ച ഭക്ഷണകിറ്റ് വിതരണത്തിന്റെ ഉദ്ഘാടനം കോട്ടയം അതിരൂപത മെത്രാപ്പോലീത്ത മാർ മാത്യു മൂലക്കാട്ട് നിർവ്വഹിച്ചു. വെളിയനാട് ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ഓമന അനിൽകുമാർ അദ്ധ്യക്ഷത വഹിച്ചു. ആലപ്പുഴ ജില്ലാ പഞ്ചായത്ത് മെമ്പർ അഡ്വ. ജേക്കബ്ബ് എബ്രഹാം മുഖ്യ പ്രഭാഷണം നടത്തി. കെ.എസ്.എസ്.എസ് സെക്രട്ടറി ഫാ. മൈക്കിൾ വെട്ടിക്കാട്ട്, അസി. സെക്രട്ടറി ഫാ. ബിൻസ് ചേത്തലിൽ, വെളിയനാട് ഗ്രാമവികസന സമിതി പ്രസിഡന്റ് ഫാ. ജോസ് മാമ്പുഴയ്ക്കൽ, വെളിയനാട് ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ബൈജു പ്രസാദ്, ബിന്ദു തോമസ്, ലീന സിബിച്ചൻ, ആനി തോമസ് എന്നിവർ പ്രസംഗിച്ചു. വെളിയനാട് കുന്നംങ്കരി ഗ്രാമങ്ങളിലായി അഞ്ഞൂറോളം ആളുകൾക്ക് ഭക്ഷണകിറ്റ് വിതരണം ചെയ്തു.

## കെ.എസ്.എസ്.എസ് തെങ്ങിന്റെ ചങ്ങാതിമാർ പദ്ധതിക്ക് ആവേശമായി സംസ്ഥാന കൃഷിവകുപ്പ് മന്ത്രി കെ.പി മോഹനൻ

ഒരു മന്ത്രിയുടെ പരിവേഷമോ സ്ഥാനത്തിന്റെ വലിപ്പമോ നോക്കാതെ കർഷകന്റെ ചുറുചുറുക്കോടെ അദ്ദേഹം തെങ്ങിൻ മുകളിലേയ്ക്ക് കയറി. കണ്ടു നിന്നവർ ആവേശത്തോടെ കൈയ്യടിച്ച് മന്ത്രിയെ പ്രോത്സാഹിപ്പിച്ചു. തെങ്ങിൽ കയറി ഏവർക്കും കൗതുകവും ആകാംക്ഷയും ഒപ്പം പ്രോത്സാഹനവും നൽകിയത് മറ്റാരുമല്ല സാക്ഷാൽ കേരള കൃഷിവകുപ്പ് മന്ത്രി കെ.പി മോഹനനാണ്. സംസ്ഥാന കൃഷിവകുപ്പിന്റെ നേതൃത്വത്തിൽ കോട്ടയത്ത് സംഘടിപ്പിക്കുന്ന കർഷകദിനാചരണത്തിന്റെ ആലോചനായോഗത്തോടനുബന്ധിച്ച് കോട്ടയം തെള്ളകം പാസ്റ്ററൽ സെന്ററിൽ എത്തിയ ബഹു. കൃഷി വകുപ്പ് മന്ത്രി കോട്ടയം സോഷ്യൽ സർവ്വീസ് സൊസൈറ്റി നാളികേര വികസന ബോർഡുമായി സഹകരിച്ച് നടപ്പിലാക്കുന്ന തെങ്ങിന്റെ ചങ്ങാതിക്കൂട്ടം പരിശീലന പരിപാടിയിലെ അംഗങ്ങൾക്ക് പ്രോത്സാഹനം നൽകുന്നതിനായിട്ടാണ് തെങ്ങിൽ കയറിയത്. തെങ്ങുകയറ്റ പരിശീലനത്തിൽ പങ്കെടുത്തവർക്ക് പ്രോത്സാഹനം നൽകിയതോടൊപ്പം തെങ്ങ് കയറ്റ മിഷ്യനും മന്ത്രി വിതരണം ചെയ്തു.

## പ്രൗഢിയോടെ കെ.എസ്.എസ്.എസ് കർഷകദിനാചരണം

കർഷകരെയും കൃഷിയെ സ്നേഹിക്കുന്നവരെയും ഉൾപ്പെടുത്തി നിരവധിയായ കർമ്മപദ്ധതികൾ നടപ്പിലാക്കിവരുന്ന കോട്ടയം സോഷ്യൽ സർവ്വീസ് സൊസൈറ്റി ആഗസ്റ്റ് 17 (ചിങ്ങം 1) ന് കർഷകദിനാചരണം ചൈതന്യയിൽ സംഘടിപ്പിച്ചു. ദിനാചരണത്തിന്റെ ഉദ്ഘാടനം ധനകാര്യ വകുപ്പ് മന്ത്രി കെ.എം മാണി നിർവ്വഹിച്ചു. ചടങ്ങിൽ കോട്ടയം അതിരൂപത സഹായ മെത്രാൻ മാർ ജോസഫ് പണ്ടാരശ്ശേരിൽ അദ്ധ്യക്ഷത വഹിച്ചു. ജോസ് കെ. മാണി എം. പി മുഖ്യപ്രഭാഷണം നടത്തി. എം.ജി യൂണിവേഴ്സിറ്റി പ്രൊ. വൈസ് ചാൻസിലർ ഡോ. ഷീന ഷുക്കൂർ കർഷകദിന സന്ദേശം നൽകി. തോമസ് ചാഴികാടൻ എക്സ് എം.എൽ എ, കെ.എസ്.എസ്.എസ് സെക്രട്ടറി ഫാ. മൈക്കിൾ വെട്ടിക്കാട്ട്, അസി. സെക്രട്ടറിമാരായ ഫാ. ബിൻസ് ചേത്തലിൽ, ഫാ. ബിബിൻ കണ്ടോത്ത്, അജീഷ് മോൻ ജോയി, അജീഷാ ഷിബു എന്നിവർ പ്രസംഗിച്ചു.

കർഷകദിനാചരണത്തോടനുബന്ധിച്ച് രാവിലെ 10.30 ന് 'ഭക്ഷ്യസുരക്ഷയും ആധുനികവത്ക്കരണവും' എന്ന വിഷയത്തെ ആസ്പദമാക്കി നടത്തപ്പെട്ട സെമിനാറിന് സന്തോഷ് അറയ്ക്കൽ നേതൃത്വം നൽകി. ചടങ്ങിനോടനുബന്ധിച്ച് കെ.എസ്.എസ്.എസിന്റെ നേതൃത്വത്തിൽ സംഘടിപ്പിക്കുന്ന 16-ാമത് ചൈതന്യകാർഷിക മേളയുടെ സമ്മാനക്കൂപ്പൺ പ്രകാശനവും വൈകല്യമുള്ളവരുടെ ശാസ്ത്രീയ പുനരധിവാസം ലക്ഷ്യമാക്കി കെ.എസ്.എസ്.എസ് പുറത്തിറക്കുന്ന സി.ബി. ആർ പഠനസഹായിയുടെ പ്രകാശനകർമ്മവും നടത്തപ്പെട്ടു. കൂടാതെ സോളാർ റാന്തൽ വിളക്കുകൾ, തെങ്ങുകയറ്റ മെഷ്യൻ എന്നിവയുടെ വിതരണവും നടത്തപ്പെട്ടു. കെ.എസ്.എസ്.എസിന്റെ കീഴിലുള്ള വിവിധ പ്രവർത്തന ഗ്രാമങ്ങളിൽ നിന്നായി ആയിരത്തിലധികം കർഷക പ്രതിനിധികൾ ദിനാചരണത്തിൽ പങ്കെടുത്തു. ദിനാചരണത്തിൽ പങ്കെടുത്തവർക്കായി കാർഷിക വിത്തിനങ്ങളുടെ വിതരണവും ക്രമീകരിച്ചിരുന്നു.

## പ്രളയക്കെടുതിയിൽ സഹായ ഹസ്തവുമായി പുരുഷ സ്വാശ്രയ സംഘാംഗങ്ങൾ

പ്രളയക്കെടുതിയിൽ ക്ലേശമനുഭവിക്കുന്ന ചെങ്ങളം പ്രദേശത്തെ കെ.എസ്.എസ്.എസ് ഗ്രൂപ്പ് അംഗങ്ങൾക്ക് സഹായ ഹസ്തവുമായി

മള്ളുശ്ശേരി പുരുഷസ്വാശ്രയ സംഘാംഗങ്ങൾ. പഴയകാലത്തെ പരസ്പ ര സഹായ ജീവിത ശൈലിയുടെ ഉദാത്ത മാതൃക ഈ കാലഘട്ടത്തിൽ നടപ്പിലാക്കുന്നതിൽ മള്ളുശ്ശേരി 'മാതൃക' പുരുഷ സ്വാശ്രയസംഘാംഗ ങ്ങൾ മുൻപോട്ട് വരുകയും ഇവരുടെ മാതൃകാ പ്രവർത്തനം തിരിച്ചറി ഞ്ഞ കെ.എസ്.എസ്.എസ് ഇവരോടൊത്ത് സഹകരിച്ച് ചെങ്ങളം ഗ്രാമ വികസന സമിതി പ്രസിഡന്റ് ഫാ. ഫിലിപ്പ് മുടക്കാലിലിന്റെ നേതൃത്വ ത്തിൽ 225 അരി കിറ്റ് ലഭ്യമാക്കി. അരി കിറ്റിന്റെ വിതരണോദ്ഘാടനം കെ.എസ്.എസ്.എസ് അസി. സെക്രട്ടറി ഫാ. ബിൻസ് ചേത്തലിൽ നിർ വ്വഹിച്ചു. മള്ളുശ്ശേരി മാതൃക സൗഹൃദവേദി അംഗങ്ങൾ, ഷൈനി ജെ യിംസ്, ഷെർളി തോമസ് എന്നിവർ അരിവിതരണത്തിന് നേതൃത്വം നൽകി.

## പായസകിറ്റ് വിതരണം ചെയ്തു

ഓണാഘോഷത്തോടനുബന്ധിച്ച് കെ.എസ്.എസ്.എസ് സ്വാശ്രയസംഘാംഗങ്ങൾക്ക് സ്വാദിഷ്ഠമായ പായസകിറ്റുകൾ വിതരണം ചെയ്തു. പവിഴം റൈസിന്റെ 300 ഗ്രാമിന്റെ 55 രൂപ വിലയുള്ള പായസകിറ്റ് സ്വാശ്രയ സംഘാംഗങ്ങൾക്ക് 40 രൂപയ്ക്കാണ് ലഭ്യമാക്കിയത്. കെ.എസ്.എസ്.എസിന്റെ വിവിധ മേഖലകളിൽ 12000 കിറ്റുകൾ വിതരണം ചെയ്തു.

## ഗ്രാമങ്ങളിൽ പുത്തനുണർവ്വ് പകർന്ന് കർഷകദമ്പതി സംഗമങ്ങൾ

കുടുംബശാക്തീകരണ പ്രവർത്തനങ്ങളുടെ ഭാഗമായി കെ.എസ് .എസ്.എസിന്റെ നേതൃത്വത്തിൽ കർഷകദമ്പതി സംഗമങ്ങൾ സംഘടിപ്പിച്ചു. മാറിക സെന്റ് ആന്റണീസ് ചർച്ച് പാരീഷ് ഹാളിൽ നടന്ന സംഗമത്തിന്റെ ഉദ്ഘാടനം ബഹു. കേരള ജലവിഭവ വകുപ്പ് മന്ത്രി പി.ജെ ജോസഫ് നിർവ്വഹിച്ചു. ഗ്രാമവികസന സമിതി പ്രസിഡന്റ് ഫാ. ഫിലിപ്പ് ആനിമൂട്ടിൽ അദ്ധ്യക്ഷത വഹിച്ചു. കെ.എസ്.എസ്.എസ് സെക്രട്ടറി ഫാ. മൈക്കിൾ വെട്ടിക്കാട്ട്, അസി. സെക്രട്ടറി ഫാ. ബിൻസ് ചേത്തലിൽ, ഇടുക്കി ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡന്റ് ഷീല സ്റ്റീഫൻ, പുറപ്പുഴ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് അഡ്വ. റിനീഷ് മാത്യു, വാർഡ് മെമ്പർ ജെസ്സി ജോബ് എന്നിവർ പ്രസംഗിച്ചു. കർഷകദമ്പതി സംഗമത്തോട നുബന്ധിച്ച് നടത്തിയ സെമിനാറിന് ഫാ. ജേക്കബ്ബ് കുറുപ്പിനകത്ത് നേതൃത്വം നൽകി. അഞ്ഞൂറോളം കർഷക ദമ്പതികൾ സംഗമത്തിൽ

പങ്കെടുത്തു. അറുനൂറ്റിമംഗലം സെന്റ് ജോസഫ് ചർച്ച് പാരീഷ് ഹാളിൽ സംഘടിപ്പിച്ച സംഗമത്തിന്റെ ഉദ്ഘാടനം മോൻസ് ജോസഫ് എം.എൽ.എ നിർവ്വഹിച്ചു. ഗ്രാമവികസന സമിതി പ്രസിഡന്റ് ഫാ. ജോസഫ് കീഴങ്ങാട്ട് അദ്ധ്യക്ഷത വഹിച്ചു. ചടങ്ങിൽ കെ.എസ്.എസ്.എസ് സെക്രട്ടറി ഫാ. മൈക്കിൾ വെട്ടിക്കാട്ട്, മുളക്കുളം ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് വിൽസൺ മാണി, വൈസ് പ്രസിഡന്റ് മേരിക്കുട്ടി ലൂക്കോസ് എന്നിവർ പ്രസംഗിച്ചു. സംഗമത്തിൽ 'മൂല്യാധിഷ്ഠിത കുടുംബം ഇന്നിന്റെ ആവശ്യം' എന്ന വിഷയത്തെ ആസ്പദമാക്കി ഗ്രെയ്സ് ലാൽ സെമിനാർ നയിച്ചു. അഞ്ഞൂറോളം ദമ്പതികൾ പങ്കെടുത്തു. സംഗമത്തോടനുബന്ധിച്ച് ഭാഗ്യദമ്പതി നറുക്കെടുപ്പും വിവിധ മത്സരങ്ങളും കലാപരിപാടികളും നടത്തപ്പെട്ടു.

**ഫാ. മൈക്കിൾ വെട്ടിക്കാട്ട്**
സെക്രട്ടറി, കെ.എസ്.എസ്.എസ്

# മലബാർ സോഷ്യൽ സർവ്വീസ് സൊസൈറ്റി

## തെങ്ങിന്റെ ചങ്ങാതിക്കൂട്ടം പദ്ധതി – കണ്ണൂർ

മാസ്സ് നാളികേര വികസന ബോർഡിന്റെ സഹകരണത്തോടെ നടപ്പിലാക്കുന്ന 'തെങ്ങിന്റെ ചങ്ങാതിക്കൂട്ടം' പദ്ധതി പ്രകാരമുള്ള ആറു ദിവസം താമസിച്ചുള്ള തെങ്ങുകയറ്റ പരിശീലനത്തിന്റെ 19 ബാച്ചുകൾ ശ്രീപുരം മാസ്സ് ട്രെയിനിംഗ് സെന്ററിൽ നടന്നു. 15 ഉം 16 ഉം ബാച്ചുകളി ലായി കോഴ്സ് വിജയകരമായി പൂർത്തിയാക്കിയ തെങ്ങിന്റെ ചങ്ങാതി മാർക്ക് പ്രസ്തുത പദ്ധതിയുടെ ഭാഗമായുള്ള സൗജന്യ തെങ്ങുകയറ്റ യന്ത്രം കണ്ണൂർ അഗ്രോ ഹോർട്ടി കൾച്ചറൽ സെക്രട്ടറി ശ്രീ. ബി.പി. റാവൂഫ് ബറുമറിയം പാസ്റ്ററൽ സെന്റർ ഡയറക്ടർ ഫാ. ജോസ് ചിറപ്പു റത്തിന്റെ അദ്ധ്യക്ഷതയിൽ കൂടിയ സമാപന സമ്മേളനത്തിൽ വിതരണം ചെയ്തു. മാസ് ഡയറക്ടർ ഫാ. സുനിൽ പെരുമാനൂർ പരിശീലനം വിജ യകരമായി പൂർത്തിയാക്കിയവർക്കുള്ള സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്തു. മാസ്സ് പ്രോജക്ട് ഓഫീസർ സി. സോണിയ തോമസ് ആശം സകളർപ്പിച്ചു. 17 ഉം 18 ഉം ബാച്ചുകളിലായി കോഴ്സ് പൂർത്തിയാക്കിയ തെങ്ങിന്റെ ചങ്ങാതിമാർക്ക് മാസ്സ് പ്രോഗ്രാം മാനേജർ ശ്രീ. അബ്രഹാം യു.പി. തെങ്ങുകയറ്റ യന്ത്രവും സർട്ടിഫിക്കറ്റുകളും വിതരണം ചെയ്തു.

19-ാം ബാച്ച് തെങ്ങു കയറ്റ പരിശീലനം വിജയകരമായി പൂർത്തിയാക്കിയവർക്ക് ഫാ. ബിനു വളവുങ്കൽ തെങ്ങുകയറ്റ മിഷ്യനും, സർട്ടിഫിക്കറ്റു വിതരണം ചെയ്തു. കോക്കനട്ട് ഒളിംപിക്സിൽ വിജയികളായവർക്ക് മാസ്സ് ഡയറക്ടർ ഫാ. സുനിൽ പെരുമാനൂർ ക്യാഷ് അവാർഡുകൾ വിതരണം ചെയ്തു. മാസ് മാസ്റ്റർ ട്രെയിനേഴ്സ് പരിപാടികൾക്ക് നേതൃത്വം നൽകി. കണ്ണൂർ, വയനാട്, പാലക്കാട് ജില്ലകളിലെ 300 കർഷകർക്കുകൂടി പരിശീലനം നൽകുമെന്ന് ഫാ. സുനിൽ അറിയിച്ചു.

## തെങ്ങിന്റെ ചങ്ങാതിക്കൂട്ടം രാജപുരം മേഖലയിൽ

മലബാർ സോഷ്യൽ സർവ്വീസ് സൊസൈറ്റി നാളികേര വികസന ബോർഡിന്റെ സഹകരണത്തോടുകൂടി രാജപുരം മേഖലയിലെ വിവിധ ഇടവകകളിൽ വച്ച് തെങ്ങു കയറ്റ പരിശീലനം നടത്തി. രാജപുരം ഇടവകയിൽ നടന്ന തെങ്ങുകയറ്റ പരിശീലനത്തിൽ രാജപുരം ഫൊറോന വികാരി ഫാ. തോമസ് പ്രാലേൽ 23 തെങ്ങിന്റെ ചങ്ങാതിമാർക്ക് തെങ്ങു കയറ്റ യന്ത്രം വിതരണം ചെയ്തു. അയറോഡ് രണ്ടു ബാച്ചുകളിലായി നടന്ന പരിശീലനത്തിൽ അയറോഡ് പള്ളി വികാരി ഫാ. അനീഷ് കുന്നക്കാട്ട് തടത്തിൽ 45 തെങ്ങിന്റെ ചങ്ങാതിമാർക്ക് തെങ്ങുകയറ്റ മിഷ്യൻ വിതരണം ചെയ്തു. മാലക്കല്ല് ഇടവകയിൽ അഞ്ച് ബാച്ചുകളിലായി നടന്ന തെങ്ങു കയറ്റ പരിശീലനത്തിൽ 110 തെങ്ങിന്റെ ചങ്ങാതിമാർക്ക് മാലക്കല്ല് പള്ളി വികാരി ഫാ. ജോസ് കുറുപ്പന്തറ തെങ്ങു കയറ്റ മിഷ്യൻ വിതരണം ചെയ്തു. ബ്രദർ. സിറിയക് ഓട്ടപ്പള്ളി ശ്രീ. ജോബിൻ അബ്രഹാം. ശ്രീ ബാബു പി.എം. ആനിമേറ്റേഴ്സ് എന്നിവർ നേതൃത്വം നല്കി 250 കർഷകർക്കു കൂടി പരിശീലനം നൽകുമെന്ന് ഫാ. സുനിൽ അറിയിച്ചു.

## കുടകൾ വിതരണം ചെയ്തു

മാസ്സ് ഏച്ചോം യൂണിറ്റിൽ പ്രവർത്തിക്കുന്ന സീനിയർ സിറ്റിസൺ ഗ്രൂപ്പിലെ അംഗങ്ങൾക്ക് സൗജന്യമായി കുടകൾ വിതരണം ചെയ്തു. ഏച്ചോം പള്ളിവികാരി ഫാ. അബ്രഹാം പുതുക്കുളം വിതരണ ഉദ്ഘാടനം നടത്തി. ആനിമേറ്റർ ശ്രീമതി. ഫിലോമിന സണ്ണി പരിപാടികൾക്ക് നേതൃത്വം നൽകി.

## സൗരോർജ്ജ റാന്തൽ വിളക്കുകൾ വിതരണം നാലാം ഘട്ടം

പാരമ്പര്യ ഊർജ്ജ സ്രോതസ്സുകളെ സംരക്ഷിക്കുന്നതിന്റെയും പ്രോത്സാഹിപ്പിക്കുന്നതിന്റെയും ഭാഗമായി മാസ്സ് അനർട്ടുമായി സഹക

രിച്ച് പ്രവർത്തന മേഖലകളിലെ സംഘാംഗങ്ങൾക്ക് സബ്സിഡി നിരക്കിൽ സൗരോർജ്ജ റാന്തൽ വിളക്കുകൾ വിതരണം ചെയ്തു. മാസ് മടമ്പം മേഖല കോർഡിനേറ്റർ ശ്രീമതി. ബിന്ദു ജോയി വിതരണം ഉദ്ഘാടനം ചെയ്തു. ആനിമേറ്റേഴ്സ് ഫെഡറേഷൻ ലീഡേഴ്സ് എന്നിവർ നേതൃത്വം നൽകി.

## സംരംഭകത്വ വികസന സെമിനാർ

മാസ്സ് F.V.T.R.S -ന്റെ സഹകരണത്തോടെ തൊഴിൽലധിഷ്ഠിത കോഴ്സുകളായ ഗാർമെന്റ് നിർമ്മാണം, ബ്യൂട്ടീഷൻ, ത്രീ വീലർ തുടങ്ങി കോഴ്സുകൾ ചെയ്യുന്ന വനിതകൾക്കു വേണ്ടി കള്ളാർ പാരീഷ് ഹാളിൽ വച്ച് സംരംഭകത്വ വികസന സെമിനാർ സംഘടിപ്പിച്ചു. സി. സോണിയ തോമസ് ശ്രീ. അബ്രാഹം യു.പി., കുമാരി ആഷ്നാ ജോസ്, ശ്രീ. ജോസ് മുളവനാൽ എന്നിവർ വിവിധ വിഷയങ്ങളെക്കുറിച്ചുള്ള ക്ലാസ് എടുത്തു. വനിതകളെ പുതിയ സംരംഭങ്ങൾ ആരംഭിക്കാൻ പ്രാപ്തരാക്കുകയാണ് ട്രെയിനിംങ്ങിന്റെ ലക്ഷ്യം. കള്ളാർ പള്ളി വികാരി ഫാ. ബാബു പാറത്തോട്ടുംകര, ആനിമേറ്റേഴ്സ് എന്നിവർ പരിപാടികൾക്ക് നേതൃത്വം നല്കി.

## ജനകീയ ആട് വളർത്തൽ പദ്ധതി

മാസ്സ് കാനംവയലിൽ പ്രവർത്തിക്കുന്ന വനിതാ സ്വാശ്രയ സംഘാംഗങ്ങളുടെ വരുമാനം വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തോടെ ആരംഭിച്ച ജനകീയ ആട് വളർത്തൽ പദ്ധതിയുടെ രണ്ടാംഘട്ട ആട് വളർത്തൽ ധന സഹായ വിതരണം കാനംവയലിൽ വികാരി ഫാ. ജിജോ കൂടത്തിനാൽ ഒ.എസ്.എച്ച്. നിർവ്വഹിച്ചു. ശ്രീമതി ജയ ജെയിംസ് അദ്ധ്യക്ഷത വഹിച്ചു. മാസ് പ്രോഗ്രാം മാനേജർ ശ്രീ. അബ്രഹാം ഉള്ളാടപ്പുള്ളിൽ ക്ലാസ്സെടുത്തു. ശ്രീമതി സിനിയ സാബു സ്വാഗത പ്രസംഗം നടത്തി. കാനംവയൽ യൂണിറ്റ് വനിതാ ഫെഡറേഷൻ പ്രസിഡന്റ് ശ്രീമതി ഷെർളി തോമസ്, ആനിമേറ്റർ എന്നിവർ നേതൃത്വം നല്കി.

## പശ്ചിമഘട്ട വികസന പദ്ധതി

മാസ്സ് കള്ളാർ ഗ്രാമപഞ്ചായത്തിലെ കൊട്ടോടിയിൽ നടപ്പിലാക്കുന്ന പശ്ചിമഘട്ട വികസന പദ്ധതിയുടെ ഭാഗമായി കല്ല്കയ്യാല നിർമാണ പ്രവർത്തനങ്ങൾ ആരംഭിച്ചു. മണ്ണ്, ജല സംരക്ഷണ പരിപാടിയുടെ ഭാഗമായി 1500 മീറ്റർ കല്ല്കയ്യാല നിർമ്മിക്കുവാനാണ് പദ്ധതി പ്രകാരം ലക്ഷ്യമിടുക.

## ചെക്കു വിതരണം നടത്തി

മലബാർ സോഷ്യൽ സർവ്വീസ് സൊസൈറ്റി കേന്ദ്ര വസ്ത്രമന്ത്രാലയത്തിന്റെ സഹകരണത്തോടെ നടപ്പിലാക്കുന്ന ഹസ്ത ശില്പ വികാസ് യോജന പദ്ധതിയിലെ ഗുണഭോക്താക്കൾക്ക് മെഡിക്കൽ ഇൻഷുറൻസ് ചെക്കു വിതരണം ഉദ്ഘാടനം രാജപുരം ഹോളിഫാമിലി വികാരി ഫാ. തോമസ് പ്രാലേൽ നിർവ്വഹിച്ചു. കള്ളാർ ഗ്രാമപഞ്ചായത്ത് വൈസ് പ്രസിഡന്റ് ശ്രീമതി ലീലാമ്മ നിരപ്പേൽ ചടങ്ങിൽ അദ്ധ്യക്ഷത വഹിച്ചു. മാസ്സ് പ്രോഗ്രാം മാനേജർ അബ്രഹാം യു.പി. ആമുഖ പ്രഭാഷണം നടത്തി. രാജപുരം മാസ് ഫെഡറേഷൻ യൂണിറ്റ് പ്രസിഡന്റ് ശ്രീമതി ബ്രിജിത്ത ആന്റണി ആശംസ പ്രസംഗം നടത്തി.
പൊതുസമ്മേളനത്തോടനുബന്ധിച്ച് നടന്ന സെമിനാറിൽ മാസ്സ് പ്രോജക്ട് ഓഫീസർ ജിജോ വർഗീസ് അലങ്കാരതുന്നലിന്റെ പ്രസക്തി എന്ന വിഷയത്തെ ആസ്പദമാക്കി സെമിനാർ നയിച്ചു. കുമാരി ആഷ്ന ജോസ്, കോ-ഓർഡിനേറ്റർ എന്നിവർ പരിപാടികൾക്ക് നേതൃത്വം നൽകി.

## ആർട്ടിസാൻസ് ഗ്രൂപ്പ് ലിഡേഴ്സ് സംഗമം

മാസ്സ് കേന്ദ്രവസ്ത്രമന്ത്രാലയവുമായി സഹകരിച്ച് നടപ്പിലാക്കുന്ന അംബേദ്കർ ഹസ്ത ശില്പ വികാസ് യോജന ക്ലസ്റ്റർ ഡെവലപ്മെന്റ് പദ്ധതിയുടെ ഭാഗമായി രാജപുരം, മാലക്കല്ല്, കള്ളാർ, ഒടയംചാൽ, ചുള്ളിക്കര, പൂക്കയം, കൊട്ടോടി, അയറോഡ്, റാണിപുരം എന്നീ യൂണിറ്റുകളിലായി കരകൗശല വിദഗ്ദ്ധരുടെ 30 ഗ്രൂപ്പുകൾ ആരംഭിച്ചു. ഗ്രൂപ്പ് ലിഡേഴ്സിനായി രാജപുരം ഹോളി ഫാമിലി പാരീഷ് ഹാളിൽ വച്ച് ട്രെയിനിംഗ് പ്രോഗ്രാം സംഘടിപ്പിച്ചു. മാസ്സ് പ്രോജക്റ്റ് ഓഫീസർ ശ്രീ. ജിജോ വർഗ്ഗീസ് അലങ്കാര തുന്നലിന്റെ പ്രസക്തി എന്ന വിഷയത്തെ ആസ്പദമാക്കിയാണ് ക്ലാസ് നയിച്ചത്. 60 പേർ ട്രെയിനിംഗിൽ പങ്കെടുത്തു. മാസ്സ് മേഖല കോർഡിനേറ്റർ, ആനിമേറ്റേഴ്സ് എന്നിവർ നേതൃത്വം നൽകി.

## ഞാറുനടീൽ മഹോത്സവം

മലബാർ സോഷ്യൽ സർവ്വീസ് സൊസൈറ്റി നബാർഡിന്റെ സഹായത്തോടുകൂടി നടത്തുന്ന സീഡ്ബാങ്ക് പദ്ധതിയുടെ ഭാഗമായുള്ള പരമ്പരാഗത നെൽകൃഷിയുടെ ഞാറ് നടീൽ മഹോത്സവം നടത്തി. പ്രസ്തുത വിളനാട്ട് ഉൽത്സവ ഉദ്ഘാടനം വെള്ളമുണ്ടയിൽ നബാർഡ് ജില്ലാ ഡവലപ്മെന്റ് മാനേജർ ശ്രീ. എൻ.എസ്. സജികുമാർ നിർവഹി

ച്ചു. മാസ്സ് വാട്ടർഷെഡ് കോ- ഓഡിനേറ്റർ ശ്രീ. ജിജോയ് പി.ജെ., വില്ലേജ് വാട്ടർഷെഡ് ഭാരവാഹികൾ, കർഷക സമിതി പ്രതിനിധികൾ എന്നിവർ നേതൃത്വം നൽകി. 150 ഏക്കർ സ്ഥലത്താണ് പരമ്പരാഗത നെൽകൃഷി ആരംഭിച്ചത്.

## ഡമോൺസ്ട്രേഷൻ നടത്തി

മലബാർ സോഷ്യൽ സർവ്വീസ് സൊസൈറ്റി ജലനിധി പദ്ധതിയുടെ ഭാഗമായി തലശ്ശേരി ചുണ്ടങ്ങാപ്പൊയിൽ ഹയർസെക്കൻഡറി സ്കൂളിൽ വച്ച് പൈപ്പ് കമ്പോസ്റ്റിന്റെ അനന്ത സാധ്യതകളെ കുറിച്ച് സെമിനാർ സംഘടിപ്പിച്ചു. കതിരൂർ ഗ്രാമപഞ്ചായത്തിൽപ്പെട്ട മഴ ക്ലബ്ബ് പ്രതിനിധികൾക്ക് വേണ്ടി മലബാർ സോഷ്യൽ സർവ്വീസ് സൊസൈറ്റി പ്രോഗ്രാം മാനേജർ ശ്രീ. അബ്രഹാം യു.പി.യാണ് സെമിനാർ നയിച്ചത്. സെമിനാറിനോട് അനുബന്ധിച്ച് പൈപ്പ് കമ്പോസ്റ്റ് നിർമ്മാണ ഡമോൺസ്ട്രേഷൻ നടത്തുകയുണ്ടായി. സെമിനാറിന്റെ ഭാഗമായുള്ള പൊതു സമ്മേളനം ചുണ്ടങ്ങാപ്പൊയിൽ ഹയർ സെക്കൻഡറി പ്രിൻസിപ്പൽ ശ്രീമതി ടി.പി. ഗീത ഉദ്ഘാടനം ചെയ്തു. മാസ്സ് ജലനിധി ടീം ലീഡർ മി. സിജോ തോമസ്, സ്കൂൾ മാസ്റ്റർ വിനോദ് കുമാർ എന്നിവർ സംസാരിച്ചു. മഴ ക്ലബ്ബ് പ്രതിനിധികളായ 100- കുട്ടികൾ പങ്കെടുത്തു.

## ഔഷധ കഞ്ഞിക്കിറ്റ് വിതരണം ചെയ്തു

മാസ്സ് കാരിത്താസ് ആയുർവേദ ആശുപത്രിയുമായി സഹകരിച്ച് പരമ്പരാഗത ഭക്ഷ്യ സംസ്കാരം പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി ഔഷധ കഞ്ഞിക്കിറ്റ് പ്രവർത്തന മേഖലകളിൽ വിതരണം ചെയ്തു.

## വിവര വിദ്യാഭ്യാസ സംവേദന രേഖയുടെ വിതരണ ഉദ്ഘാടനം

മാസ്സ് കതിരൂർ ഗ്രാമപഞ്ചായത്തിൽ നടപ്പിലാക്കുന്ന ജലനിധി പദ്ധതിയുടെ ഭാഗമായി പുറത്തിറങ്ങിയ വിവര വിദ്യാഭ്യാസ സംവേദന രേഖയുടെ വിതരണ ഉദ്ഘാടനം ഗ്രാമ പഞ്ചായത്തിലെ ഓട്ടോ തൊഴിലാളികൾക്ക് നല്കി കതിരൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ശ്രീ. കെ.വി. പവിത്രൻ നിർവഹിച്ചു. മാസ്സ് ജലനിധി ടീം അംഗങ്ങൾ നേതൃത്വം നല്കി.

## കർഷക ദിനാചരണം

രാജപുരം: മലബാർ സോഷ്യൽ സർവ്വീസ് സൊസൈറ്റി നീർത്തട വികസന പദ്ധതിയുടെ ഭാഗമായി കള്ളാർ ഗ്രാമപഞ്ചായത്തുമായി സഹകരിച്ച് കർഷകദിനം ആചരിച്ചു. കള്ളാർ ഗ്രാമപഞ്ചായത്ത് വൈസ് പ്രസി

ഡന്റ് ശ്രീമതി ലീലാമ്മ തോമസിന്റെ അദ്ധ്യക്ഷതയിൽ കള്ളാർ ഗ്രാമപഞ്ചായത്ത് കോൺഫറൻസ് ഹാളിൽ കൂടിയ പൊതുസമ്മേളനത്തിൽ പഞ്ചായത്ത് പ്രസിഡന്റ് ശ്രീ. വിഘ്നേശ്വരഭട്ട് കർഷക ദിനാചരണം ഉദ്ഘാടനം ചെയ്തു. രാജപുരം കൃഷി ഓഫീസർ ശ്രീ. വിഷ്ണു, എസ്.പി. മാസ്സ് വാട്ടർഷെഡ് കോർഡിനേറ്റർ ശ്രീമതി ലാലി സണ്ണി എന്നിവർ സംസാരിച്ചു. പൊതു സമ്മേളനത്തോടനുബന്ധിച്ച് നടന്ന സെമിനാറിൽ ജൈവവള പ്രയോഗം, സീറോ ബഡ്ജറ്റ് ഫാമിംഗ്, കാലാനുഷ്ഠിത ഇൻഷുറൻസ് പരിരക്ഷ, നീർത്തട പരിപാലനവും ജൈവ കൃഷി രീതിയും തുടങ്ങിയ വിഷയങ്ങളെ ആസ്പദമാക്കി ക്ലാസ്സുകൾ നടത്തി. തുടർന്നുള്ള സമാപന സമ്മേളനത്തിൽ യുവ കർഷകൻ, വിദ്യാർത്ഥി കർഷകൻ, ക്ഷീര കർഷകൻ, വനിത കർഷക, ജൈവകർഷകൻ എന്നിവരെ ആദരിച്ചു.

## സ്വാശ്രയസംഘ വാർഷിക ആഘോഷം

മാസ്സ് വനിതാ- കർഷക സംഘങ്ങളുടെ സംയുക്ത വാർഷികാഘോഷം കാപ്പിസെറ്റിൽ സംഘടിപ്പിച്ചു. വാർഷികാഘോഷത്തിന്റെ ഭാഗമായി നടത്തിയ പൊതുസമ്മേളനം മുൻ വയനാട് ജില്ലാ പ്രസിഡന്റ് ശ്രീ. കെ.എൻ. പൗലോസ് ഉദ്ഘാടനം ചെയ്തു. മാസ്സ് പ്രോഗ്രാം മാനേജർ ശ്രീ. അബ്രഹാം ഉള്ളാടപ്പുള്ളിൽ അദ്ധ്യക്ഷത ലഹിച്ചു. അമരകുനിപള്ളി വികാരി ഫാ. റോബിൻ, വാർഡ് മെമ്പർ ശ്രീ. സജിമോൻ, സി. സാൽവി എസ്.ജെ.സി. എന്നിവർ ആശംസ പ്രസംഗം നടത്തി. രക്ഷാധികാരി ഫാ. ജിലേഷ് പുഴക്കരോട്ട് ആമുഖ പ്രഭാഷണം നടത്തി. കർഷക സംഘം പ്രതിനിധി ശ്രീ. അലക്സാണ്ടർ നന്ദി പറഞ്ഞു. പെരിക്കല്ലൂർ പള്ളി അസ്സി. വികാരി ഫാ. ജിൽസൺ കൊട്ടിയാനിക്കൽ പങ്കെടുത്തു. വാർഷികാഘോഷത്തിൽ സ്വാശ്രയ സംഘാംഗങ്ങൾ കോൽകളി, നാടൻപാട്ട്, സംഘഗാനം, ലളിതഗാനം തുടങ്ങിയ കലാപരിപാടികൾ അവതരിപ്പിച്ചു. ആഘോഷപരിപാടികൾക്ക്, ആനിമേറ്റർ, വനിതാ ഫെഡറേഷൻ ഭാരവാഹികൾ കർഷക സംഘം ഭാരവാഹികൾ എന്നിവർ നേതൃത്വം നൽകി.

## ജനകീയ ആടുവളർത്തൽ പദ്ധതി

മാസ്സ് ലാസിംമിന്റെ സഹായത്തോടു കൂടി വയനാട്ടിലെ പയസ് നഗർ ഇടവകയിൽ നടന്നു വരുന്ന ജനകീയ ആടുവളർത്തൽ പദ്ധതിയുടെ മൂന്നാം ഘട്ടം ചെക്കു വിതരണം പയസ് നഗർ പള്ളി വികാരി ഫാ. ജിലേഷ് പുഴക്കരോട്ട് നിർവഹിച്ചു. പയസ് നഗർ മാസ്സ് ഫെഡറേഷൻ

പ്രസിഡന്റ് ശ്രീമതി സിസിലി രാജു ചടങ്ങിൽ അദ്ധ്യക്ഷത വഹിച്ചു. മാസ്സ് പ്രോഗ്രാം മാനേജർ ശ്രീ. അബ്രഹാം യു.പി. ആമുഖ പ്രഭാഷണം നടത്തി. ആനിമേറ്റർ നന്ദി പറഞ്ഞു.

ഫാ. സുനിൽ പെരുമാനൂർ (സെക്രട്ടറി, മാസ്സ് )

# അഭി. മൂലക്കാട്ട് പിതാവിന്റെ ഡയറിയിൽ നിന്ന്

**ഓഗസ്റ്റ് 2013**

1 ചൈതന്യയിൽ നടന്ന സ്പെഷ്യൽ സ്കൂൾസ് മീറ്റിംഗിൽ പങ്കെടുത്തു.

2 ഗൾഫിൽ നിന്നുള്ള കുട്ടികൾക്കുവേണ്ടി ചൈതന്യയിൽ നടത്തിയ ക്യാമ്പിൽ പങ്കെടുത്തു.

3 ഇടക്കോലി ഇടവക പുളിവേലിൽ പരേതയായ മറിയാമ്മ മത്തായിയുടെ ഭവനത്തിൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു.

- ചൈതന്യയിൽ നടന്ന DKCC മീറ്റിംഗിൽ പങ്കെടുത്തു.
- വിയാനി ഹോമിൽ നടന്ന വിയാനി ഡേ ആഘോഷത്തിൽ സംബന്ധിച്ചു.
- കിടങ്ങൂരിൽ LLM ഹോസ്പിറ്റലിന്റെ നേഴ്സിങ് കോളേജ് ഉദ്ഘാടനം ചെയ്തു.

4 കാരിത്താസ് ഇടവകയിൽ കാരിത്താസ് സെക്കുലർ ഇൻസ്റ്റിറ്റ്യൂട്ട് അംഗമായ മിസ് അമ്മിണി പുളിക്കോലിന്റെ മൃതസംസ്കാര ശുശ്രൂഷയിൽ കാർമ്മികത്വം വഹിച്ചു.

- ക്നാനായ കാത്തലിക് അസ്സോസിയേഷന്റെ പ്ലാറ്റിനം ജൂബിലിയോടനുബന്ധിച്ച് മാന്നാനത്ത് വി. ബലിയർപ്പിച്ചു.

5 കാക്കനാട് നടന്ന പെർമനന്റ് സിനഡിൽ സംബന്ധിച്ചു.

5-9 കാക്കനാട് നടന്ന KCBC മെത്രാന്മാരുടെ ധ്യാനത്തിൽ പങ്കെടുത്തു.

10 കത്തീഡ്രൽ ഇടവകയിൽ നടന്ന ഫാ. മാത്യു എടാട്ടിന്റെ പൗരോഹിത്യ സുവർണ്ണ ജൂബിലി ആഘോഷത്തിൽ പങ്കെടുത്ത് സന്ദേശം നൽകി.

- ഇടയ്ക്കാട്ട് ഫൊറോന പള്ളിയിൽ വി. ബലിയർപ്പിച്ചു.

11 മെഡിക്കൽ കോളേജ് ചാപ്പലിൽ വി. ബലിയർപ്പിച്ചു.

- പാലാ കത്തീഡ്രലിൽ നടന്ന വിശ്വാസ വർഷ മീറ്റിംഗിൽ പങ്കെടുത്തു.

12 അതിരൂപതാ മെത്രാസന മന്ദിരത്തിൽ നടന്ന മിസ്റ്റഗോജിക്കൽ കാറ്റെക്കേസിസ് ചർച്ചയിൽ പങ്കെടുത്തു.

13 ചൈതന്യയിൽ നടന്ന പ്രസ്ബിറ്ററൽ കൗൺസിൽ മീറ്റിംഗിൽ അദ്ധ്യക്ഷത വഹിച്ചു.

14 ചൈതന്യയിൽ നടന്ന ലോക്കൽ KSSS പ്രസിഡന്റുമാരുടെ മീറ്റിംഗിൽ സംബന്ധിച്ചു.

15 പയസ് മൗണ്ട് പള്ളിയുടെ സുവർണ ജൂബിലി സമാപനത്തോടനുബന്ധിച്ച് വി. ബലിയർപ്പിച്ച് സന്ദേശം നൽകി.

- ഉഴവൂർ ഇടവക കോയിത്തറ പരേതനായ മത്തായിയുടെ ഭവനത്തിൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു.

- ചെറുകര പള്ളിയുടെ ശതാബ്ദി സമാപനത്തിൽ വി. ബലിയർപ്പിച്ച് സന്ദേശം നൽകി.

16 അറുനൂറ്റിമംഗലം പള്ളിയിൽ പരേതനായ പൂതൃക്കയിൽ ബഹു. ജെയിംസച്ചന്റെ മൃതസംസ്കാര കർമ്മങ്ങളിൽ കാർമ്മികത്വം വഹിച്ചു.

18 ബാംഗ്ലൂർ സ്വർഗ്ഗറാണി പള്ളിയിലെ തിരുനാളിനോടനുബന്ധിച്ച് വി. ബലിയർപ്പിച്ച് സന്ദേശം നൽകി.

25 ചിങ്ങവനം പള്ളിയിൽ നടന്ന കർണ്ണാടക ആഭ്യന്തര മന്ത്രി മി. കെ. ജെ. ജോർജ്ജിന്റെ സ്വീകരണചടങ്ങിൽ സംബന്ധിച്ചു.

19-31 കാക്കനാട് മൗണ്ട് സെന്റ് തോമസിൽ കൂടിയ സീറോ മലബാർ മെത്രാന്മാരുടെ സിനഡിൽ സംബന്ധിച്ചു.

31 ചൈതന്യയിൽ KCC യുടെ പ്രവർത്തനവർഷം ഉദ്ഘാടനം ചെയ്യുകയും രൂപതാദിനാഘോഷത്തിൽ പങ്കെടുക്കുകയും ചെയ്തു.

**സെപ്റ്റംബർ**

1 വിൻസെന്റ് ഡി പോൾ സൊസൈറ്റിയുടെ ഡയമണ്ട് ജൂബിലി ആഘോഷത്തിൽ സംബന്ധിച്ച് സന്ദേശം നൽകി.

- എട്ടുനോമ്പിനോടനുബന്ധിച്ച് ബൈസൺവാലി പള്ളിയിൽ വി. ബലിയർപ്പിച്ചു.

3 ചൈതന്യയിൽ ബയോഗ്യാസ് പ്ലാന്റിന്റെ ഉദ്ഘാടനം നടത്തി.

- കാരിത്താസിൽ പാരാമെഡിക്കൽ കോഴ്സുകൾ ഉദ്ഘാടനം ചെയ്തു.

# Engagements

## Mar Mathew Moolakkatt

**September 2013**

| | |
|---|---|
| 06 | Holy Qurbana at Kanjirappally Cathedral |
| 07 | Local KSSS meeting at Chaithanya |
| 7-8 | Pastoral visit at Maridom |
| 08 | Holy Qurbana at Kaduthuruthy |
| 9-13 | Priest's retreat at Thuvanisa |
| 14 | Golden Jubilee Inauguration of KSSS at Chaithanya |
| 14-15 | Pastoral visit at Samkranthi |
| 17 | KCC meeting at Rajapuram |
| - | Visitation Convent blessing at Rajapuram |
| 19 | Holy Qurbana & the Inauguration of the Thuvanisa Convention at Thuvanisa |
| 20 | Ecumenical meeting at Mavelikkara |
| 21 | Episcopal consecration of Msgr. Jose Puthenveettil at Ernakulam |
| 21-22 | Pastoral visit at Karippadom |
| 22 | Concluding of the Thuvanisa Convention |
| 24 | Pastoral council at Chaithanya |

25-27 CBCI standing committee at Bangalore

28-29 Pastoral visit at Kallara Old

30 Holy Qurbana at Jyothir Bhavan Gandhinagar

**October**

2 KSSS meeting at Thadiyampadu

5-6 Pastoral visit at Kaipuzha

# അഭി. പണ്ടാരശ്ശേരിൽ പിതാവിന്റെ ഡയറിയിൽ നിന്ന്

**ഓഗസ്റ്റ് 2013**

5-9 മൗണ്ട് സെന്റ് തോമസിൽ വച്ചു നടത്തപ്പെട്ട കെ.സി.ബി.സി. മെത്രാന്മാരുടെ ധ്യാനത്തിൽ പങ്കെടുത്തു.

10 കത്തീഡ്രൽ ദേവാലയത്തിൽ നടന്ന എടാട്ട് ബഹു. മാത്യു അച്ചന്റെ പൗരോഹിത്യ സുവർണ്ണജൂബിലി കുർബ്ബാനയിലും തുടർന്നു നടന്ന പൊതുസമ്മേളനത്തിലും പങ്കെടുത്തു.

11 തൂവാനീസാ പ്രാർത്ഥനാലയത്തിൽ വി. കുർബ്ബാന അർപ്പിച്ച് സന്ദേശം നൽകി.

12 അതിരൂപതാ മെത്രാസനമന്ദിരത്തിൽ കൂടിയ കാരിത്താസ് ട്രസ്റ്റ് മീറ്റിംഗിൽ പങ്കെടുത്തു.

13 ചൈതന്യയിൽ കൂടിയ അതിരൂപതാ വൈദിക സമിതി മീറ്റിംഗിൽ പങ്കെടുത്തു.

15 ചുങ്കം പള്ളിയിൽ വി. കുർബ്ബാന അർപ്പിച്ച് സന്ദേശം നൽകി.

\- ഞീഴൂർ പള്ളിയുടെ ശതാബ്ദി ഉദ്ഘാടനത്തോടനുബന്ധിച്ച് വി. കുർബ്ബാന അർപ്പിച്ച് സന്ദേശം നൽകി.

16 അറുനൂറ്റിമംഗലം ഇടവക നിര്യാതനായ പൂത്തൃക്കയിൽ ബഹു. ജെയിംസച്ചന്റെ മൃതസംസ്കാരശുശ്രൂഷയിലെ, വീട്ടിലെ കർമ്മത്തിൽ കാർമ്മികത്വം വഹിച്ച് സന്ദേശം നൽകുകയും തുടർന്നുള്ള

കർമ്മങ്ങളിൽ സഹകാർമ്മികത്വം വഹിക്കുകയും ചെയ്തു.

17 ചൈതന്യയിൽ സംഘടിപ്പിക്കപ്പെട്ട കർഷകദിനാഘോഷങ്ങളിൽ അദ്ധ്യക്ഷതവഹിച്ച് സംസാരിച്ചു.

- തിരുവല്ല അരമനയിൽ വച്ച് സീറോ മലങ്കര മേജർ ആർച്ച് ബിഷപ്പ് അഭി. കാർഡിനൽ ക്ലിമ്മീസ് പിതാവിനെ സന്ദർശിച്ച് സംഭാഷണം നടത്തി.

18 കാരിത്താസ് ഇടവക കുഴിയംപറമ്പിൽ സിറിളിന്റെ വിവാഹം കാരിത്താസ് പള്ളിയിൽവച്ച് ആശീർവ്വദിച്ചു.

20-31 മൗണ്ട് സെന്റ് തോമസിൽ കൂടിയ സീറോ മലബാർ സിനഡിൽ പങ്കെടുത്തു.

25 കത്തീഡ്രൽ പള്ളിയിൽ വി. കുർബ്ബാന അർപ്പിച്ച് സന്ദേശം നൽകി.

31 അങ്കമാലി സുബോദയ പാസ്റ്ററൽ സെന്ററിൽ വച്ച് നടത്തിയ കെ. സി.വൈ.എം ഓണാഘോഷങ്ങളിൽ പങ്കെടുത്തു.

## Engagements

### Mar Joseph Pandarasseril

**September 2013**

6 KCWA Malabar region leaders meeting at Barmariam Kannur

7 KCC Malabar region leaders meeting at Barmariam Kannur

9-13 Priest's Retreat at Thuvanisa;l;

13 Caritas Ayurveda hospital governing body meeting at Ayurveda hospital

- Archeparchial Assembly central committee meeting at Archbishop's House

14 KSSS Golden Jubilee inauguration at Chaithanya

19 Malabar region KCYL leaders meet at Barmariam, Kannur

20 Holy Qurbana at Thuvanisa convention

23 Episcopal Consecration of Msgr. Jose Puthenveettil at Ernakulam

24 Pastoral council meeting at Chaithanya

25 Golden Jubilee of Sr. Jethrude SJC at Edessa convent, Kannur

27 Prayer day

29 Blessing of Vault at Thiroor

30 - October 3 Delhi Koodarayogam annual celebration

**October**

5 Christian Civil Society public meeting at Mananthavady

## അഭി. കുന്നശ്ശേരിൽ പിതാവിന്റെ ഡയറിയിൽ നിന്ന്

**ഓഗസ്റ്റ് 2013**

14 പാലാ രൂപതയിലെ സഹപാഠികൾ ബി. റ്റി. എം. ൽ അഭിവന്ദ്യ പിതാവിനെ സന്ദർശിച്ചു.

15 പൂതൃക്കയിൽ പരേതനായ ബഹു. ജയിംസ് അച്ചനുവേണ്ടി കാരിത്താസ് മോർച്ചറിയിൽ ഒപ്പീസ് ചൊല്ലി.

25 ജഗദൽപ്പൂർ രൂപതയുടെ നിയുക്ത ബിഷപ്പ് ഫാ. ജോസഫ് കൊല്ലംപറമ്പിൽ ബി. റ്റി. എം. ൽ അഭിവന്ദ്യ പിതാവിനെ സന്ദർശിച്ചു.

26 തോടനാട് ഇടവകാംഗമായ വാതല്ലൂർ റോസമ്മയ്ക്കുവേണ്ടി കാരിത്താസ് മോർച്ചറിയിൽ ഒപ്പീസ് ചൊല്ലി.

27 കാരിത്താസ് സെക്കുലർ ഇൻസ്റ്റിറ്റ്യൂട്ട് അംഗമായിരുന്ന ത്രേസ്യാമ്മ മുപ്രാപ്പള്ളിയുടെ മൃതസംസ്കാരശുശ്രൂഷയുടെ ആദ്യഭാഗം കാരിത്താസ് പള്ളിയിൽ നടത്തി.

# വചനദർശനം

**സെപ്റ്റംബർ 15** **(മത്താ 4:12-5 :16)**

കർത്താവിന്റെ ദ്വിതീയ ആഗമനവും കുരിശിന്റെ വിജയവും ആചരിക്കുന്ന ഏലിയാ സ്ലീവാ മൂശാക്കാലത്തിലെ സ്ലീവാ 1-ാം ഞായറാഴ്ച ഈശോ തന്റെ ദൗത്യം ആരംഭിക്കുന്നതും അതിൽ അതിപ്രധാനമായി ക്രിസ്തുവാകുന്ന പ്രകാശം പ്രസരിക്കുന്നതും അതിലൂടെയുള്ള മനസ്സിന്റെ പരിവർത്തനവുമാണ് ഈ സുവിശേഷഭാഗത്ത് അന്തർലീനമായിരിക്കുന്നത്. നസ്രത്തെന്ന കുഗ്രാമത്തിലെ മുപ്പതു വർഷത്തെ വാസം വിജ്ഞാനത്തിലും വിവേകത്തിലും വിശുദ്ധിയിലും വളർന്ന ക്രിസ്തുവിന്റെ മാനുഷിക മുഖം ദർശിക്കുവാൻ - മനുഷ്യനായി വിശുദ്ധിയിൽ വളരുവാൻ സഹായകമാണ്. കൃത്യവും രക്ഷാകരവുമായ ദൈവത്തിന്റെ ഇടപെടലിനായി നീക്കി വച്ചിരുന്ന സമയം സമാഗതമായപ്പോൾ, ഏശയ്യാ പ്രവാചകന്റെ വചനം നിർവൃതിയിൽ എത്തുംവിധം അന്ധകാരത്തിൽ കഴിയുന്നവർക്കു പ്രകാശം നൽകുന്ന ദീപ്തിയായി മാറുകയായിരുന്നു ഈ നസ്രത്തുകാരൻ. 'ജീവിച്ചിരിക്കുന്നെങ്കിൽ ഒരു തീപ്പന്തമായി ജ്വലിക്കുക' എന്നു പറയും വിധം.

ക്രിസ്തുവിന്റെ ഈ പ്രകാശം മാനസാന്തരത്തിലേക്കുള്ള ക്ഷണമായിരുന്നു. ഇന്നും ദിവ്യകാരുണ്യമായി ഈ പ്രകാശം നമ്മെ നവീകരിക്കുന്നുണ്ട്. ഈ പ്രകാശത്തിന്റെ സാന്നിധ്യത്തിൽ ജീവിതമാകുന്ന പഞ്ചസാരപാത്രത്തിൽ നിന്നും ഇറങ്ങിയോടാത്ത പാപമാ

കുന്ന ഒരു ഉറുമ്പുപോലും കാണുകയില്ല. മനസ്സിന്റെ അന്തരം അഥവാ മാറ്റം എന്നതുകൊണ്ട് സമ്പൂർണ്ണമായ മാറ്റമാണ് ക്രിസ്തു വിവക്ഷിക്കുന്നത്. പാപത്തിന്റെ പക്ഷത്തുനിന്നും ദൈവത്തിങ്കലേക്കുള്ള ഒരു പൂർണ്ണമായ തിരിയലാണ് ഇവിടെ സംഭവിക്കേണ്ടത്. ഒരു പുനപ്രതിഷ്ഠയാണ് ഇവിടെ നടക്കേണ്ടത്. അതുതന്നെയാണ് മാനസാന്തരവും. (metanoia (GK) / Shu (Hebrew) = turning of the whole person).

സർവ്വതും പരിത്യജിച്ച് ഉള്ളവും, ഉള്ളതും കരുതിയതുമെല്ലാം ത്യജിച്ച് ക്രിസ്തുവിൽ ജീവിക്കുവാനുള്ള ക്ഷണമാണിത്. അപരനുവേണ്ടി നിലകൊള്ളുന്നവർക്കാണ് ആനന്ദത്തിന്റെ സൗഭാഗ്യം ക്രിസ്തു പ്രദാനം ചെയ്യുന്നത്. ഹൃദയശുദ്ധിയുള്ളവൻ ദൈവത്തെ കാണുന്നത് ഈ പ്രകാശത്തിൽ ചരിക്കുന്നതിനാൽ തന്നെയാണ്. നീതിക്കുവേണ്ടി പീഢനമേൽക്കുവാൻ മുതിരുന്നത് ഈ പ്രകാശത്തിൽ ജീവിക്കുന്നവരാണ്. ക്രിസ്തുവെന്ന നാളം അണയാതെ സൂക്ഷിക്കുന്നവർ അഷ്ടഭാഗ്യങ്ങൾ നൽകുന്ന ആനന്ദം അനുഭവിക്കുകതന്നെ ചെയ്യും. അതിനാൽ ആദ്ധ്യാത്മികതയുടെ പ്രകാശരശ്മികൾ സ്വീകരിച്ച് ഭൗതികതയുടെ അന്ധകാരത്തിൽ നിന്നും മാനസാന്തരത്തിന്റെ രാജവീഥിയിലൂടെ ദൈവസ്നേഹത്തിന്റെ പുത്തൻ ചക്രവാളത്തിലേയ്ക്ക് പ്രവേശിക്കാം.

**സെപ്റ്റംബർ 22** **(മത്താ 17:14-27)**

വിശ്വാസത്തോടെ മലയോടുപോയി കടലിൽ പതിക്കാൻ പറഞ്ഞാൽ അതു സംഭവിക്കുമെന്ന് ക്രിസ്തു പഠിപ്പിക്കുന്നു. എന്തെന്നാൽ മലമാറുമോ എന്ന കാര്യത്തിൽ നമുക്ക് സംശയമാണ്. വിശ്വാസമുള്ളപ്പോൾ പരിമിതികൾ നീങ്ങിപ്പോകുമെന്ന് ഈശോ ഉറപ്പ് നൽകുന്നു. ഇന്നത്തെ സുവിശേഷത്തിന്റെ കേന്ദ്രഭാഗം ശിഷ്യരുടെ അല്പവിശ്വാസമാണ്. അല്പവിശ്വാസമെന്നത് ഫലം പുറപ്പെടുവിക്കാനാവാത്ത നിർജ്ജീവമായ വിശ്വാസമായാണ് വചനം പഠിപ്പിക്കുന്നത്. അസാമാന്യ ജന്തുവെന്ന് ശിഷ്യർ കരുതിയ അപസ്മാര രോഗിയെ സുഖപ്പെടുത്താൻ കഴിയാതെ പോകുന്നതും, എന്നാൽ

ഈശോ സുഖപ്പെടുത്തുന്നതുമാണ് വിചിന്തനമായി നിലകൊള്ളുന്നത്. ശിഷ്യരുടെ പരാജയത്തെ ആഴത്തിൽ അപഗ്രഥിക്കുമ്പോൾ പരാജയം ശിഷ്യരുടെ വിളിയിലുള്ള വളർച്ച നടക്കാത്തതിന്റെ സൂചകമായാണ് നിലകൊള്ളുന്നത്. പിശാചുക്കളെ ബഹിഷ്കരിക്കാനും, രോഗികളെ സുഖപ്പെടുത്താനുമുള്ള അധികാരം 12 ശിഷ്യർക്കും നൽകിയിട്ടും ഇവിടെ നടക്കുന്ന പരാജയത്തിനു കാരണമായി ഭവിക്കുന്നത് ശിഷ്യരുടെ വിശ്വാസരാഹിത്യമാണ്.

ശിഷ്യന്റെ കുറവുകളറിയുന്ന ഗുരുവാണ് അവിടുന്ന്. അപജയങ്ങളും വീഴ്ചകളും ശിഷ്യന്റെ പാതകളിൽ വന്നു ഭവിക്കാം. ഇവിടെ തള്ളിക്കളയുന്ന മനോഭാവത്തേക്കാൾ ഉൾക്കൊള്ളുന്ന ദൈവമാണവിടുന്ന്. അല്മായരായാലും വൈദീകരായാലും സന്ന്യസ്തരായാലും ഈ വിശ്വാസരാഹിത്യപ്രവണതകൾ ആവിർഭവിക്കാവുന്നതാണ്. ഏശയ്യ 43:1 "ഭയപ്പെടേണ്ട, ഞാൻ നിന്നെ രക്ഷിച്ചിരിക്കുന്നു. നിന്നെ പേരുചൊല്ലി വിളിച്ചിരിക്കുന്നു. നീ എന്റേതാണ്." വിളിച്ചവനു നമ്മെ പൂർണ്ണമായി അറിയാം. കടലിനു മീതെ നടന്ന പത്രോസ് ഒരു നിമിഷം മുങ്ങിത്താണതിനു കാരണം അവന്റെ വിശ്വാസം മരവിച്ചതിനാലാണ്. ഈശോ അവനെ ജീവിതത്തിലേയ്ക്ക് മാത്രമല്ല, വിശ്വാസത്തിലേക്കുമായിരുന്നു കൈപിടിച്ചുയർത്തിയത്. തള്ളിപ്പറഞ്ഞവനെ തള്ളിക്കളഞ്ഞില്ല എന്നു മാത്രമല്ല, വിശ്വസിച്ച് എല്ലാം ഏൽപിച്ചു കൊടുക്കുകയും ചെയ്തു.

ഈശോ അപസ്മാര രോഗിയെ സുഖപ്പെടുത്തിക്കൊണ്ട് ശിഷ്യരുടെ വിശ്വാസത്തെ കൂടുതൽ ബലപ്പെടുത്തുകയാണ് ചെയ്തത്. അപസ്മാര രോഗിയിലെ പിശാചിനെയാണ് ഈശോ ശാസിച്ചു പുറത്താക്കിയത്. പിശാചിന്റെ പിടിയിൽ നിന്നും ബാലൻ സൗഖ്യം പ്രാപിക്കുകയും ചെയ്തു. പിശാചിന്റെയും പാപത്തിന്റെയും പിടിയിൽ നിന്നും മനുഷ്യവംശത്തെ മോചിപ്പിക്കാനെത്തിയ പുത്രനായ ദൈവരൂപം ഇവിടെ പൂർണ്ണത പ്രാപിക്കുകയും ചെയ്യുന്നു. ഈശോ തന്റെ സഹന - മരണ - ഉത്ഥാനങ്ങളിലൂടെയാണ് പിശാചിന്റെ പിടിയിൽ നിന്നും പാപത്തിന്റെ അടിമത്തത്തിൽ നിന്നും മനുഷ്യനെ മോചിപ്പിച്ചത്.

നമ്മുടെ കുറവുകളെയും വീഴ്ചകളെയും കുറിച്ച് നിരാശപ്പെടുകയോ അതിൽ തന്നെ തുടരുകയോ അല്ല വേണ്ടത്. പിന്നെയോ ഈശോമിശിഹായിലേയ്ക്ക് തിരിയാൻ നമുക്ക് സാധിക്കണം. ഏത് ജീവിതാവസ്ഥയിലും കൈപിടിച്ച് നമ്മോടൊപ്പം നടക്കുവാൻ ഈശോയുണ്ട് എന്ന തിരിച്ചറിവ് ക്രൈസ്തവ വിശ്വാസത്തിൽ നിലനിൽക്കാൻ നമ്മെ സഹായിക്കും. സ്നേഹത്തിന്റെ ശക്തിയിൽ നിന്ന് പുറപ്പെടുന്ന വിശ്വാസത്തിന് ഏത് അവസ്ഥയേയും തരണം ചെയ്യാൻ സാധിക്കും. കൈമുതലായ വിശ്വാസത്തിൽ ആഴപ്പെട്ടുകൊണ്ട് എല്ലാവരേയും സ്വന്തമായി കരുതുന്ന, ഉൾക്കൊള്ളുന്ന വിശാല ഹൃദയത്തിനുടമകളായി നമുക്ക് രൂപാന്തരം പ്രാപിക്കാം.

**സെപ്റ്റംബർ 29** **(മത്താ 15:21-28)**

ജീവിതത്തിൽ നിലവിട്ടവന്റെ നിലവിളിയുടെ സ്വരം ശ്രവിക്കുന്ന ഈശോയുടെ ആർദ്രമായ മനോഭാവമാണ് ഇന്നത്തെ സുവിശേഷത്തിന്റെ ദർശനം. വിജാതീയരുടെ അടുത്തേയ്ക്ക് പോകരുതെന്നും, ഇസ്രയേലിലെ നഷ്ടപ്പെട്ട ആടുകളെ തേടുവാനുമുള്ള ദൗത്യമാണ് (മത്താ 10:5,6) ശിഷ്യരെ ഈശോ ഭരമേൽപ്പിക്കുന്നത്. ഇത് ആദിമ സഭയിൽ ആശയക്കുഴപ്പം സൃഷ്ടിച്ചിരുന്നു. എന്നാൽ ഇതിനെ ദൂരീകരിക്കാൻ ഉതകുന്ന വചനഭാഗമാണ് നമുക്ക് ലഭിച്ചിരിക്കുന്നത്. ഈശോയുടെ നിലപാടുകൾ ഈ വചനഭാഗം സുവ്യക്തമാക്കുന്നു. കാനാൻകാരി സ്ത്രീയുടെ വിശ്വാസവും അവളോടുള്ള ഈശോയുടെ കാരുണ്യവും ഇതിന് തെളിവാണ്. കാനാൻകാരി എന്ന പ്രയോഗം തന്നെ വിജാതീയ എന്നതിന്റെ സൂചനയാണ്. വിജാതീയരുടെ നാട്ടിൽ ഈശോ എത്തിയത് ദൈവരാജ്യപ്രഘോഷണത്തിനുവേണ്ടിയാണ്. സാധാരണക്കാർക്കും, നിസ്വർക്കും അവലംബമേകുന്ന ദൈവപുത്രന്റെ മനോഭാവം മത്തായിശ്ലീഹ കാട്ടിത്തരുന്നു.

ഈശോയെപ്പറ്റി ബാഹ്യമായ അറിവുകളൊന്നും ഇല്ലാതിരുന്ന കാനാൻകാരിക്ക് ഉള്ളിൽ നിന്നും 'കർത്താവേ, ദാവീദിന്റെ പുത്രാ' എന്നു വിളിച്ചപേക്ഷിക്കാനുള്ള തിരിച്ചറിവുണ്ടായിരുന്നു. യഹൂദരുടെ ഇഷ്ടാനിഷ്ടങ്ങളൊന്നും അവളെ തന്റെ മാർഗ്ഗത്തിൽ നിന്നും

പിൻതിരിപ്പിച്ചില്ല. തന്റെ പുത്രിയിൽ ബാധിതമായിരിക്കുന്ന പൈശാചികതയെ ഉന്മൂലനം ചെയ്യാൻ ഈശോയ്ക്ക് മാത്രമേ കഴിയുകയുള്ളൂ എന്ന് അവൾ വിശ്വസിച്ചിരുന്നു.

കാലത്തിന്റെ ഭ്രമങ്ങളിൽ വീണ് ദൈവവിചാരവും തിരിച്ചറിവുകളും നഷ്ടപ്പെട്ട് മനുഷ്യൻ വീണുപോകുന്നത് നിത്യകാഴ്ചയായി മാറുന്നു. ഭീതിപ്പെടുത്തുന്ന കൊമ്പും വാലുമുള്ള കറുത്ത രൂപമായി പിശാചിനെ ചരിത്രം വരച്ചുവച്ചിരുന്നു. എന്നാൽ ഇപ്രകാരമൊന്നിനെ സമീപിക്കാൻ ആരെങ്കിലും തയ്യാറാകുമോ? ഇന്ന് പിശാച് ഇന്ദ്രിയങ്ങൾക്കും മനസ്സിനും സ്വാധീനം ചെലുത്താൻ കഴിയുംവിധത്തിലാണ് അവതരിക്കുന്നത്. അത്യാധുനിക മാധ്യമങ്ങൾ ഓരോന്നിലൂടെയും (TV, Computer, Mobile etc.) പിശാച് അതിപ്രസരം നടത്തുന്നു. കമനീയ കാഴ്ചകൾക്കും വർണ്ണങ്ങൾക്കും മുമ്പിൽ മനുഷ്യൻ വീണുപോകുന്നു. പിശാചിന്റെ പുതിയ മുഖങ്ങളെ തിരിച്ചറിഞ്ഞ് ജീവിക്കാൻ ദൈവികമായ വിവേകവും, കൃപയും സമ്പാദിക്കുക അത്യാവശ്യമാണ്. നന്മയുടെ രൂപത്തിൽ പോലും, ദൈവത്തിന്റെ ആലയങ്ങളിൽ പോലും പിശാച് സുഖമായി പ്രവർത്തനം നടത്തുന്നു. ഇവിടെ ദാവീദിന്റെ പുത്രനെ വിളിച്ചു പ്രാർത്ഥിക്കുന്നവരുണ്ടാകണം. ദൈവത്തോടു പ്രാർത്ഥിക്കുമ്പോൾ പുലർത്തേണ്ട ഒരുപിടി പ്രാർത്ഥനാ മനോഗുണങ്ങൾ കൂടിയുണ്ട്.

1. വിശ്വാസതീവ്രതയോടെയുള്ള പ്രാർത്ഥന
2. പ്രാർത്ഥന, നിരന്തരമായ ഒരു പരിയാവർത്തനമാണ്.
3. പ്രത്യാശ
4. വിനയം
5. ആരാധനാമനോഭാവം

ഓരോ വിശ്വാസിയുടെയും വിജയമന്ത്രം പ്രാർത്ഥനയാണ്. ദൈവം തന്ന ദാനങ്ങളെ ഓർത്ത് നന്ദി പറഞ്ഞുകൊണ്ട് ഹൃദയവികാരങ്ങളെ സമ്പൂർണ്ണമായി സമർപ്പിച്ച് ജീവിതം മുഴുവൻ എന്തിനേറെ എന്റെ ഓരോ ശ്വാസവും പ്രാർത്ഥനയാക്കി മാറ്റിക്കൊണ്ട്

കാനാൻകാരിയെപ്പോലെ ദൈവത്തിന്റെ മുമ്പിലിരുന്ന് പ്രാർത്ഥിക്കാൻ നമുക്ക് സാധിക്കണം.

ബ്ര. സന്തോഷ് മുല്ലമംഗലത്ത്
വടവാതൂർ സെമിനാരി

# വാർത്തകൾ

## കുടുംബങ്ങൾ മനുഷ്യജീവന്റെ മഹത്വം പഠിപ്പിക്കണം - ഫ്രാൻസിസ് മാർപ്പാപ്പാ

ഉദരത്തിൽ ഉരുവാകുന്നതു മുതൽ മനുഷ്യജീവൻ ദൈവത്തിൽ നിന്നുള്ള വലിയ സമ്മാനമായി സ്വീകരിക്കുകയും ആദരിക്കുകയും വേണമെന്ന് ഫ്രാൻസിസ് മാർപാപ്പാ. തങ്ങളുടെ മക്കൾക്ക് ഇക്കാര്യങ്ങൾ പറഞ്ഞു കൊടുക്കുകയും അങ്ങനെ അവരെ ദൈവത്തിന്റെ സഹകാരികളാക്കുവാൻ ഒരുക്കുകയും ചെയ്യേണ്ടത് ഇന്നത്തെ മാതാപിതാക്കളുടെ കടമയാണ്. ബ്രസീലിലെ ദേശീയ കുടുംബവാരാചരണത്തോടനുബന്ധിച്ചു നൽകിയ സന്ദേശത്തിൽ മാർപാപ്പാ ഓർമ്മിപ്പിച്ചു. ജീവന്റെ മഹത്വത്തെക്കുറിച്ചുള്ള അടിസ്ഥാന സത്യങ്ങൾ തങ്ങളുടെ വാക്കുകളിലൂടെയും പ്രവൃത്തികളിലൂടെയും ഭാവിതലമുറകളിലേയ്ക്ക് പകർന്നു നൽകുവാൻ മാതാപിതാക്കൾ വിളിക്കപ്പെട്ടിരിക്കുന്നു. വിശ്വാസം പ്രഥമമായും കുടുംബങ്ങളിലാണ് ജീവിക്കേണ്ടത്. അതുവഴി കുട്ടികൾ പക്വമതികളായി വളരുന്നതിന് അനുകൂല സാഹചര്യം സംജാതമാകും. മുത്തശ്ശി മുത്തച്ഛന്മാർക്ക് കരുതലും സംരക്ഷണവും നൽകേണ്ടതും വളരെ പ്രധാനപ്പെട്ടതുതന്നെ. ഏതൊരു ജനതയുടെയും ജീവിക്കുന്ന ഓർമ്മകളാണ് അവർ. ജീവിത ജ്ഞാനം കൈമാറുവാൻ കഴിയുന്നവരാണ് കുടുംബത്തിലെ മുത്തശ്ശി - മുത്തച്ഛന്മാർ - മാർപാപ്പ ഓർമ്മിപ്പിച്ചു.

## മാർപാപ്പായുടെ അപ്രതീക്ഷിത സന്ദർശനം തൊഴിലാളികളെ അത്ഭുതപ്പെടുത്തി

വത്തിക്കാൻ സിറ്റിയിലെ ഇൻഡസ്ട്രിയൽ ഏരിയായിൽ ജോലി ചെയ്യുന്ന തൊഴിലാളികൾ തങ്ങളുടെ ജോലി സ്ഥലത്ത് ഫ്രാൻസിസ് മാർപാപ്പയെ കണ്ട് അത്ഭുതസ്തബ്ധരായി. അപ്രതീക്ഷിതമായി തങ്ങൾക്ക് ലഭിച്ച വിശിഷ്ട സന്ദർശനം അവരെ പിന്നീട് വലിയ സന്തോ

ഷത്തിലേയ്ക്കും അഭിമാനത്തിലേയ്ക്കും നയിച്ചു. പുഞ്ചിരിയോടെ ഗുഡ് മോണിംഗ് പറഞ്ഞ് തൊഴിലാളികളെ സമീപിച്ച് കുശലാന്വേഷണങ്ങൾ നടത്തിയ മാർപാപ്പാ അരമണിക്കൂറോളം അവരോടൊപ്പം ചെലവഴിച്ചു. കാർപ്പെന്ററി, മെറ്റൽ, വെയർഹൗസ് എന്നിവിടങ്ങളിൽ ജോലി ചെയ്യുന്ന വരെയാണ് മാർപാപ്പാ സന്ദർശിച്ചത്.

## "വിശ്വാസത്തിന്റെ വെളിച്ചം" സഭയുടെ മുന്നോട്ടുള്ള പ്രയാണത്തിൽ വെളിച്ചം പകരുന്ന ചാക്രികലേഖനം – മാർ ജോർജ്ജ് ആലഞ്ചേരി

വിശ്വാസവർഷത്തോടനുബന്ധിച്ച് ഫ്രാൻസിസ് മാർപാപ്പ പുറപ്പെടുവിച്ച അദ്ദേഹത്തിന്റെ പ്രഥമ ചാക്രികലേഖനമായ "വിശ്വാസത്തിന്റെ വെളിച്ചം" (ലൂമെൻ ഫിദേയി) എന്ന ചാക്രികലേഖനം സഭയുടെ മുന്നോട്ടുള്ള പ്രയാണത്തിൽ വെളിച്ചമായി നിൽക്കുമെന്ന് സീറോ മലബാർ സഭ മേജർ ആർച്ച് ബിഷപ്പ് കർദിനാൾ മാർ ജോർജ് ആലഞ്ചേരി. ചാക്രിക ലേഖനത്തെക്കുറിച്ച് എറണാകുളം - അങ്കമാലി അതിരൂപത റീജണൽ പാസ്റ്ററൽ സെന്ററിൽ നടന്ന പഠന ശിബിരം ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു കർദ്ദിനാൾ. നമ്മുടെ വിശ്വാസം ദാനമായി ലഭിച്ചതാണെന്നുള്ള തിരിച്ചറിവ് ലൂമെൻ ഫിദേയി പങ്കുവയ്ക്കുന്നു. സഭയിലൂടെ കൈമാറിക്കിട്ടിയ വിശ്വാസത്തിൽ സ്വയം പ്രകാശിച്ച് അത് മറ്റുള്ളവരിലേയ്ക്ക് കൈമാറികൊടുക്കുവാൻ സഭയുടെ മക്കളായ നമുക്ക് കടമയുണ്ടെന്നും മാർ ആലഞ്ചേരി ഓർമ്മിപ്പിച്ചു.